# കേരള ഗവർണ്ണർ

# ശ്രീ. സുഖ്ദേവ് സിംഗ് കാംഗ്

**2001 ജൂൺ 29-ാം തീയതി**

**കേരള നിയമസഭയിൽ ചെയ്ത**

**പ്രസംഗം**

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമ സഭാംഗങ്ങളെ,

പതിനൊന്നാം കേരള നിയമസഭയിലെ അംഗങ്ങളെ ഈ സഭയിലേക്ക് സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങൾക്കേവർക്കും എന്റെ ഹാർദ്ദമായ അഭിവാദ്യങ്ങൾ. കേരള ജനത ഒരിക്കൽകൂടി ജനാധിപത്യത്തിലുള്ള അവരുടെ അചഞ്ചലമായ വിശ്വാസം തെളിയിച്ചിരിക്കുകയാണ്. അവർ പ്രതീക്ഷയോടും വിശ്വാസത്തോടും കൂടി അവരുടെ പ്രതിനിധികളെ ഈ മഹത്തായ സഭയിലേക്ക് അയച്ചിരിക്കുകയാണ്. കേരള ജനതയോടുള്ള നിങ്ങളുടെ ഉത്തരവാദിത്വം ഏറ്റവും ഉചിതമായ രീതിയിൽ തന്നെ നിങ്ങൾ നിറവേറ്റും എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. കേരളത്തിലെ ജനങ്ങൾ നിങ്ങളിൽ അർപ്പിച്ച വിശ്വാസത്തിനും പ്രതീക്ഷയ്ക്കും ഒത്ത് ഉയരുന്നതിന് വേണ്ടി നിങ്ങൾ സർവ്വാത്മനാ പ്രയത്നിക്കും എന്ന കാര്യത്തിലും എനിക്ക് സംശയമില്ല. ഞാൻ നിങ്ങൾക്കേവർക്കും നന്മകൾ നേരുകയും ഈ സഭയുടെയും നമ്മുടെ സംസ്ഥാനത്തിന്റെയും ഉജ്ജ്വല ചരിത്രത്തിൽ നിങ്ങളുടെ മായാത്ത വ്യക്തിമുദ്ര പതിപ്പിക്കുന്നതിൽ നിങ്ങൾ വിജയിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

**2.** കോഴിക്കോട്ട് കടലുണ്ടിയിൽ ഈയിടെയുണ്ടായ തീവണ്ടിയപകടം നമ്മെയെല്ലാം ഞെട്ടിക്കുകയും ദുഃഖത്തിലാഴ്ത്തുകയും ചെയ്തിരിക്കുകയാണ്. ഇവിടെ സന്നിഹിതരായിട്ടുള്ള നിങ്ങളെല്ലാവരോടുമൊപ്പം എന്റെ സർക്കാരും

സന്തപ്ത കുടുംബാംഗങ്ങളോട് അഗാധമായ അനുശോചനം അറിയിക്കുകയും പരിക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങൾ അപകടവുമായി ബന്ധപ്പെട്ട രക്ഷാ—ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ധൈര്യശാലികളും നല്ലവരുമായ എല്ലാ ആളുകൾക്കും എന്റെ സർക്കാരിന്റെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

**3.** പുതിയ സർക്കാർ അധികാരമേറ്റിരിക്കുകയാണ്. മന്ത്രിസഭയിലെ എല്ലാ അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുകയും അവർക്ക് നന്മ നേരുകയും ചെയ്യുന്നു. എന്റെ സർക്കാർ, ജനങ്ങളുടെ ക്ഷേമത്തിനായി ഭരണഘടനാതത്വങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതും സമാധാനവും വികസനവും അഭിവൃദ്ധിയും കൈവരിക്കുന്നതിലേക്കുള്ള ജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും നിറവേറ്റുന്നതിന് എല്ലാ നടപടികളും കൈക്കൊള്ളുന്നതുമാണ്. സ്വാഭാവികമായും, ജനങ്ങളുടെ ഭൗതിക പുരോഗതിക്ക് ആധാരമായ സാമ്പത്തിക വികസനത്തിനായിരിക്കും എന്റെ സർക്കാർ ഏറ്റവും മുന്തിയ പരിഗണന നൽകുക.

**4.** കേരള രാഷ്ട്രീയ ചരിത്രത്തിൽ ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് പല വിധത്തിലും പ്രാധാന്യം അർഹിക്കുന്നതാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഇടതു മുന്നണി സർക്കാരിന്റെ ദുർഭരണത്തിനെതിരെ ഐക്യ ജനാധിപത്യ മുന്നണി ഉയർത്തിയ ശക്തമായ വിമർശനങ്ങൾക്കും ഉത്തരവാദിത്വമുള്ള പ്രതിപക്ഷം എന്ന നിലയിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾക്കും ജനങ്ങളിൽ നിന്നു കിട്ടിയ സ്വാഭാവികമായ അംഗീകാരമാണ് അതിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. എൽ. ഡി. എഫ്, അവരുടെ ഭരണകാലത്ത് നടത്തിയ നിഷ്ക്രിയത്വത്തിനും

ദുർഭരണത്തിനും അഴിമതിക്കും അക്രമങ്ങൾക്കും എതിരെ കേരളത്തിലെ ജനങ്ങൾ ബാലറ്റുപേപ്പറിലൂടെ വിധിയെഴുതിയിരിക്കുകയാണ്. എൽ. ഡി. എഫ്. സർക്കാർ സംസ്ഥാനത്തിന്റെ വികസനത്തിന്റെ പേരിലും ജനക്ഷേമത്തിന്റെ പേരിലും അവരുടെ പാർട്ടിയേയും പ്രവർത്തകരേയും വളർത്താൻ ശ്രമിച്ചത് ജനരോഷം വിളിച്ചുവരുത്തുന്നതിനിടയാക്കി. എൽ. ഡി. എഫ്. ഭരണത്തിന്റെ അഴിമതിയിലും അതിക്രമങ്ങളിലും മനംമടുത്ത് കേരളത്തിലെ ജനങ്ങൾ ഒരു ഭരണ മാറ്റത്തിന് അതിയായി ആഗ്രഹിച്ചു. 1996-ൽ എൽ. ഡി. എഫ്. 1,69, 418 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ഐക്യജനാധിപത്യ മുന്നണിയെ തോല്പിച്ച് അധികാരത്തിലേറുകയുണ്ടായി. എന്നാൽ, 2001-ൽ 99 സീറ്റോടുകൂടി 8,42,561 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.-നെ ജനങ്ങൾ വോട്ടുചെയ്ത് വീണ്ടും അധികാരത്തിലേറ്റി. ഈ ജനവിധി കണക്കിലെടുത്ത് എന്റെ സർക്കാർ യാഥാർത്ഥ്യബോധത്തോടും എളിമയോടും കൂടി മുന്നോട്ടു നീങ്ങുന്നതാണ്.

**5.** എന്റെ സർക്കാരിന്, നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെപ്പറ്റി ഒരു സങ്കല്പമുണ്ട്. ആ സങ്കല്പത്തിന്റെ സാക്ഷാത്കാരത്തിനായി സർക്കാരിന്റെ കർമ്മശേഷി വിനിയോഗിക്കുന്നതിനാവശ്യമായ ഇച്ഛാശക്തിയും, ദൃഢനിശ്ചയവും പ്രകടിപ്പിക്കുന്നതാണ്. സർക്കാർ ഒരു പുതിയ പ്രയാണത്തിന് തുടക്കം കുറിക്കുകയാണ്. എന്നാൽ, അതിന് അതിരൂക്ഷമായ പ്രതിബന്ധങ്ങളെയാണ് നേരിടേണ്ടിയിരിക്കുന്നത്. സംസ്ഥാനം ഇപ്പോൾ ഭയാനകമായ ഒരു സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിനായി പരമ്പരാഗതവും ചിരകാലപരിചിതവുമായ പാതകൾ ഉപേക്ഷിച്ചുകൊണ്ട് വ്യത്യസ്ഥമായ ഒരു പ്രവർത്തന ശൈലിക്ക് എന്റെ സർക്കാർ രൂപം നൽകുന്നതാണ്. കൃഷി, വ്യവസായം,

അടിസ്ഥാന സൗകര്യം എന്നിവയുൾപ്പെടെയുള്ള മർമ്മ പ്രധാന മേഖലകളുടെ വികസനത്തിനാവശ്യമായ പണം സർക്കാരിന് മാത്രമായി മുടക്കാൻ കഴിയാത്ത അവസ്ഥയാണ് ഈ പ്രതിസന്ധി മൂലം ഉളവായിരിക്കുന്നത്. സംസ്ഥാനം നേരിടുന്ന വികസന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി വ്യവസായം, വിവരസാങ്കേതിക വിദ്യ, വിദ്യാഭ്യാസം, വൈദ്യുതി, ഗതാഗതം, വിനോദസഞ്ചാരം, പൊതുമരാമത്ത് എന്നീ പ്രധാന മേഖലകളിൽ സ്വകാര്യ നിക്ഷേപം പരമാവധി ആർജ്ജിക്കുവാൻ എന്റെ സർക്കാർ യത്നിക്കുന്നതാണ്. സംസ്ഥാനത്ത് നിക്ഷേപകർക്കനുകൂലമായ ഒരു അന്തരീക്ഷം പടുത്തുയർത്തിക്കൊണ്ട് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് സാമ്പത്തിക വളർച്ചയോടുള്ള എന്റെ സർക്കാരിന്റെ സമീപനത്തിന്റെ മുഖ്യഘടകം. സമസ്ത മേഖലകളുടെയും വികസന മുന്നേറ്റത്തിനായി ഒരു സുതാര്യമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് എന്റെ സർക്കാർ പ്രവാസി മലയാളികളിൽ നിന്നും സ്വകാര്യ നിക്ഷേപം ആർജ്ജിക്കുന്നതാണ്.

**6.** എന്റെ സർക്കാർ എടുക്കുന്ന ഓരോ നടപടിയും എല്ലായ്പ്പോഴും സത്യസന്ധവും ആത്മാർത്ഥവും ആയിരിക്കും. ഇത് എന്റെ സർക്കാരിന്റെ ഒരു പ്രധാന മുഖമുദ്രയും കേരളത്തിലെ ജനങ്ങളുമായുള്ള അലംഘനീയമായ ഒരു വാഗ്ദാനവുമായിരിക്കും. നീതിയുക്തവും നിഷ്പക്ഷവുമായ തീരുമാനങ്ങളെടുത്തുകൊണ്ട് അഴിമതി രഹിതമായ ഒരു ഭരണം കാഴ്ചവയ്ക്കത്തക്ക രീതിയിലായിരിക്കും എന്റെ സർക്കാർ കാര്യങ്ങൾ നടത്തുക. നമ്മുടെ സംസ്ഥാനത്തെ, സൽഭരണത്തിന്റെ ഒരു മാതൃക ആക്കാൻ എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനുതകുംവിധം സുതാര്യവും ചലനാത്മകവുമായ ഒരു സർക്കാർ കെട്ടിപ്പടുക്കുന്നതിനായിരിക്കും ഊന്നൽ നൽകുക.

7. നിർഭാഗ്യവശാൽ, ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് എന്റെ സർക്കാരിന്റെ തുടക്കം. സർക്കാർ നൽകുന്ന ബില്ലുകൾ, ചെക്കുകൾ മറ്റ് സാമ്പത്തിക രേഖകൾ എന്നിവയ്ക്ക് പണം നൽകാൻ കഴിയാതെ വരുന്നത് ഒരു ദുർഘടാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. ഖജനാവ് തകർച്ചയുടെ വക്കിലാണ്. ഇത് സ്വാഭാവികമായും സർക്കാരിന്റെ വിശ്വാസ്യതയ്ക്ക് സാരമായ കോട്ടം സംഭവിക്കുന്നതിനിടയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണ വായ്പ, തൊഴിലില്ലായ്മ വേതനം, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ സർക്കാരിന്റെ ഈ സാമ്പത്തിക പ്രതിസന്ധിമൂലം നൽകാൻ കഴിയാതെ വന്നിട്ടുള്ളവയിൽ പെടുന്നു. ഭക്ഷ്യവിതരണക്കാർക്ക് പണം നൽകാൻ സർക്കാരിന് കഴിയാതെ വന്നതുമൂലം സർക്കാർ ആശുപത്രികളിലേക്കുള്ള ഭക്ഷ്യവിതരണം യഥാർത്ഥത്തിൽ നിലച്ചിരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായിട്ടുള്ള 100 കോടി രൂപയുടെ ബാദ്ധ്യത കൊടുത്തു തീർക്കാൻ കഴിയാത്തതിനാൽ സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ വിതരണ പരിപാടി സ്തംഭനാവസ്ഥയിലാണ്. കരാറുകാർക്ക് നൽകിയ ചെക്കുകൾക്ക് പണം കിട്ടാതെ നിരവധി സംഭവങ്ങൾ ഉണ്ട്. കേന്ദ്ര ഗവൺമെന്റ് വിവിധ ഇനങ്ങളിലുള്ള ഗ്രാന്റായി സംസ്ഥാനത്തിന് അനുവദിച്ച 300 കോടി രൂപ പോലും വിതരണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഹഡ്കോയ്ക്ക് തിരികെ നൽകാനുള്ള 203 കോടി രൂപ തിരിച്ചടയ്ക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തിയിട്ടുണ്ട്. തൽഫലമായി സംസ്ഥാനത്തിന്റെ വികസനത്തിന് ധനസഹായം നൽകുന്ന പ്രധാനപ്പെട്ട ഏജൻസികളിൽ ഒന്നായ ഹഡ്കോ ഇനിമേൽ യാതൊരു വിധ സഹായവും നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിരിക്കുകയാണ്. സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സാധാരണ ജനങ്ങളെ കനത്ത ജീവിത ദുരിതങ്ങളിലേക്ക്

തള്ളിവിട്ടിരിക്കുകയാണ്. വളരെ വർഷങ്ങളിലെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിയുന്ന നമ്മുടെ സർക്കാർ ജീവനക്കാർക്ക് അവരുടെ ഗ്രാറ്റുവിറ്റിയും പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുമോ എന്ന ആശങ്കയുളവാക്കുന്ന ഒരു സ്ഥിതിവിശേഷത്തിലാണെത്തിയിരിക്കുന്നത്. ശമ്പളം പോലും സമയത്തു നൽകാൻ സർക്കാരിന് കഴിയില്ല എന്ന ആശങ്കയും ആദ്യമായി ഉളവായിട്ടുണ്ട്.

8. അഭൂതപൂർവമായ തോതിലുള്ള ഒരു പൊതു കടബാധ്യതയിൽ എന്റെ സർക്കാർ അകപ്പെട്ടിരിക്കുകയാണ്. കടബാധ്യത ഇക്കഴിഞ്ഞ 2000—2001 സാമ്പത്തിക വർഷാവസാനത്തോടുകൂടി 1999--2000-ാമാണ്ടിലെ 20176 കോടി രൂപയിൽ നിന്നും 24000 കോടി രൂപയോളമായി ഉയർന്നിരിക്കുകയാണ്. എന്നാൽ, ഈ കട ബാധ്യതകളിൽ ഭൂരിഭാഗവും സർക്കാരിന്റെ ആവർത്തന ചെലവുകൾ നേരിടുന്നതിനായി ഹ്രസ്വകാലാടിസ്ഥാനത്തിലെടുത്തിട്ടുള്ളവയാകയാൽ അവ എന്റെ സർക്കാരിനെ പ്രത്യക്ഷവും അടിയന്തിരവുമായ ബാദ്ധ്യതകൾ ഏൽപ്പിച്ചിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും അപകടകരമായ വസ്തുത. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പ്രതിമാസം 160 കോടി രൂപയുടെ കമ്മി വരുത്തിക്കൊണ്ട് പ്രതിവർഷം 1925 കോടി രൂപ നഷ്ടത്തിൽ പ്രവർത്തിച്ചു വരികയാണ്. ബോർഡിന്റെ പലിശബാദ്ധ്യത മാത്രം പ്രതിമാസം 65.27 കോടി രൂപയാണ്. കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രതിമാസം 15 കോടി രൂപ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നു. ഡീസൽ, ടയർ എന്നിവയ്ക്ക് കോർപ്പറേഷൻ നൽകുവാനുള്ള തുക 174 കോടി രൂപയോളം വരും. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വൻപിച്ച സാമ്പത്തിക തകർച്ചയുടെ വക്കിലെത്തിയിരിക്കുന്നു. ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എളുപ്പമല്ല. സർക്കാർ നേരിടേണ്ട

അടിയന്തിര ബാദ്ധ്യത നാളിതുവരെ 3477 കോടി രൂപയായി കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തിന്റെ ഈ വർഷത്തെ വാർഷിക പദ്ധതിയുടെ നിർവ്വഹണത്തിനായി 900 കോടി രൂപ സർക്കാർ അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു.

9. സംസ്ഥാനത്തിന്റെ ഉത്തമ താത്പര്യങ്ങൾ പരിഗണിച്ച്, കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് പോകുന്ന ഒരു നയമാണ് എന്റെ സർക്കാർ അനുവർത്തിക്കുക. അതേ സമയം, നമ്മുടെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചതും നമ്മുടെ കർഷകർക്ക് പറഞ്ഞറിയിക്കാനാവാത്ത വിധത്തിലുള്ള ദുരിതങ്ങൾ ഏല്പിച്ചതുമായ കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിനെതിരെ എന്റെ സർക്കാർ ശക്തവും വിട്ടുവീഴ്ചയില്ലാത്തതുമായ ഒരു നിലപാടായിരിക്കും സ്വീകരിക്കുക. സാധാരണക്കാരന് വിലക്കയറ്റത്തിൽനിന്നും ആശ്വാസം ലഭിക്കുന്നതിനുതകുന്നതാണ് പൊതുവിതരണ സമ്പ്രദായം. എന്നാൽ നിർഭാഗ്യവശാൽ, വർഷങ്ങളായി പടുത്തുയർത്തിയ പൊതുവിതരണ സമ്പ്രദായത്തെ നശിപ്പിക്കുവാനിടയാക്കുന്ന ഒരു നിലപാടാണ് കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. പൊതു താല്പര്യം സംരക്ഷിക്കുന്നതിനായി എന്റെ സർക്കാർ, പൊതുവിതരണ സമ്പ്രദായം എന്തു വിലകൊടുത്തും നിലനിർത്തുവാൻ പ്രതിജ്ഞാബദ്ധമാണ്. ഈ ആവശ്യത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും സബ്സിഡികൾ പരമാവധി നേടുന്നതിന് എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ എൽ. ഡി. എഫ് ഭരണകാലത്ത്, കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവല്ക്കരണത്തെയും അനുബന്ധനയങ്ങളെയും വിമർശിക്കുക എന്നുള്ളതായിരുന്നു സർക്കാരിന്റെ ഏക പ്രവർത്തനശൈലി. ഈ വിമർശനങ്ങൾ, ഒട്ടും തന്നെ കേരളത്തിലെ കർഷകർക്ക് ആശ്വാസകരമോ പ്രയോജനപ്രദമോ ആയിട്ടില്ല. മറിച്ച്, എന്റെ സർക്കാർ, കേന്ദ്ര

ഗവണ്‍മെന്‍റില്‍ സാധ്യമായ എല്ലാ സമ്മര്‍ദ്ദങ്ങളും ചെലുത്തുന്നതോടൊപ്പം തന്നെ, കര്‍ഷകര്‍ക്ക് പ്രയോജനപ്രദമായ ഒരു നിലപാട് സ്വീകരിക്കുന്നതും അവരുടെ താല്പര്യങ്ങള്‍ സംരക്ഷിക്കുന്നതിന് യത്നിക്കുന്നതുമായിരിക്കും. റബ്ബര്‍, നാളികേരം, കാപ്പി, തേയില, മററ് കാര്‍ഷികഉല്പന്നങ്ങള്‍ എന്നിവയുടെ വിലയിടിവ് കൊണ്ടുണ്ടായ ദുരിതങ്ങളില്‍ നിന്നും കര്‍ഷകരെ രക്ഷിക്കാന്‍ എന്‍റെ സര്‍ക്കാര്‍, സാദ്ധ്യമായ എല്ലാ നടപടികളും എടുക്കുന്നതാണ്.

**10.** സംസ്ഥാനത്തിന്‍റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് എന്‍റെ സര്‍ക്കാര്‍ ഒരു ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. അത്, സംസ്ഥാനത്തിന്‍റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ജനങ്ങള്‍ക്കിടയില്‍ വ്യാപകമായ ഒരു സംവാദത്തിന് തുടക്കം കുറിക്കുമെന്ന് തന്നെയാണ് എന്‍റെ ദൃഢമായ വിശ്വാസം. അടിയന്തിര നടപടികള്‍ സ്വീകരിക്കാത്ത പക്ഷം, സാമ്പത്തിക സ്ഥിതി കരകയറാനാകാത്തവിധം വഷളാകുമെന്ന് എന്‍റെ സര്‍ക്കാരിന് ബോദ്ധ്യമുണ്ട്. സര്‍വ്വോപരി, ജനങ്ങള്‍ക്ക് സര്‍ക്കാരിലുള്ള വിശ്വാസം വീണ്ടെടുക്കുന്നതിനാവശ്യമായ സത്വര നടപടികള്‍ സ്വീകരിക്കുകയാണ് ഇപ്പോഴത്തെ പ്രധാനം. ഗുരുതരമായ ഈ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുക എന്നത് എളുപ്പമായ ഒരു കാര്യമല്ല. ഒന്നാമതായി, പൊതുമുതല്‍ ധൂര്‍ത്തടിക്കുന്നതവസാനിപ്പിക്കുന്നതിനായി ചെലവു ചുരുക്കല്‍ നയം നടപ്പാക്കുവാന്‍ എന്‍റെ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നു. രണ്ടാമതായി, ഈ സ്ഥിതിവിശേഷം നേരിടുന്നതിന് പൊതുവായ അഭിപ്രായ ഐക്യത്തോടുകൂടി മാത്രം സാദ്ധ്യമാകുന്ന കടുത്ത നടപടികളും ആവശ്യമായി വരുന്നതാണ്. ഇടതുപക്ഷ സര്‍ക്കാര്‍ നിരുത്തരവാദപരവും നീതീകരിക്കാനാവാത്തതുമായ രീതിയില്‍ സാമ്പത്തിക പ്രതിസന്ധി കൈകാര്യം ചെയ്തതിനാലാണ് മറെറാരു ഗത്യന്തരവുമില്ലാതെ പുതിയ വിഭവസമാഹര

ണമാർഗ്ഗങ്ങൾ തേടുവാൻ എന്റെ സർക്കാർ നിർബന്ധിതമായതെന്ന് പറയേണ്ടതില്ലല്ലോ. ജനവിശ്വാസമാർജ്ജിച്ചുകൊണ്ട്, സാമ്പത്തിക സുസ്ഥിരത വീണ്ടെടുക്കുന്ന പ്രക്രിയയിൽ ജനങ്ങളെ പങ്കാളികളാക്കേണ്ടതാണ്.

**11.** നമ്മുടെ മുന്നിലുള്ള സാമ്പത്തിക വെല്ലുവിളികൾ എത്ര ഭയാനകമായ തോതിലുള്ളതായിരുന്നാലും, സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയിൽ ഒരു കാലതാമസവും എന്റെ സർക്കാർ അനുവദിക്കില്ല. തൊഴിലില്ലായ്മ എക്കാലത്തേക്കാളും വർദ്ധിച്ചുവരുന്ന നിലയിൽ എത്തിയിട്ടുണ്ടെന്നുള്ളത് എന്റെ സർക്കാരിന് അറിവുള്ളതാണ്. 2000–ാമാണ്ടിൽ നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള രജിസ്റ്ററുകൾ പ്രകാരം 41.86 ലക്ഷത്തോളം തൊഴിൽരഹിതർ ഉണ്ടായിരുന്നു. ദ്രുതഗതിയിൽ വർദ്ധിച്ചുവരുന്ന തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് എന്റെ സർക്കാരിന്റെ സാമ്പത്തിക നയങ്ങളേയും വികസന ഉദ്യമങ്ങളേയും നയിക്കുന്ന പരമോന്നത ലക്ഷ്യം. ഈ വീക്ഷണം നഷ്ടപ്പെടാതെ ആയിരിക്കും ഓരോ വികസന പദ്ധതിയും സമാരംഭിക്കുന്നത്. മറ്റു മേഖലകളോടൊപ്പം ചെറുകിട വ്യവസായം, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ജൈവകൃഷി, വിനോദസഞ്ചാരം, വിവരസാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, ഊർജ്ജം എന്നീ മേഖലകളിലും അടുത്ത 5 വർഷങ്ങളിൽ 15 ലക്ഷം പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്റെ സർക്കാർ എല്ലാവിധ ശ്രമങ്ങളും നടത്തുന്നതാണ്.

**12.** മെച്ചപ്പെട്ട നികുതി പിരിവ് സമ്പ്രദായങ്ങളിലൂടെയുള്ള അധിക വിഭവ സമാഹരണത്തിനായിരിക്കും എന്റെ സർക്കാർ മുൻഗണന നൽകുന്നത്. വാണിജ്യ നികുതി വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ പൂർത്തിയാക്കും. നികുതി പരിഷ്കാരങ്ങൾ കൊണ്ടുവരാൻ നടപടികളെടുക്കും. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തും.

**13**. അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ സാധ്യമായ എല്ലാ ഉറവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം നേടുന്നതിന് എന്റെ സർക്കാർ എല്ലാ മാർഗ്ഗങ്ങളും തേടുന്നതാണ്.

**14**. സംസ്ഥാനത്ത് ക്രമസമാധാനപാലനത്തിന് എന്റെ സർക്കാർ ഏറ്റവും മുന്തിയ പരിഗണന നൽകുന്നതാണ്. നമ്മുടെ ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതത്തിന് അനുകൂല അന്തരീക്ഷം സംജാതമാക്കുന്നതിൽ പരാജയപ്പെടുകയില്ലെന്ന് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ഉറപ്പു നൽകാൻ എന്റെ സർക്കാർ ആഗ്രഹിക്കുന്നു. ക്രമസമാധാനപാലനം ഉറപ്പാക്കുകയെന്ന തങ്ങളുടെ മുഖ്യ ചുമതല സുദൃഢമായും നീതിയുക്തമായും നിർവഹിക്കുന്നതിനായി പോലീസ് സംവിധാനത്തെ സജ്ജമാക്കുന്നതാണ്. എന്റെ സർക്കാർ ഓരോ വ്യക്തിക്കും തുല്യവും നീതിപൂർവ്വകവുമായ പരിഗണന നൽകുന്നതാണ്. ഓരോ പുരുഷന്റെയും സ്ത്രീയുടെയും കുട്ടിയുടെയും അന്തസ്സ് മാനിക്കുന്നതായിരിക്കും.

**15**. എന്റെ സർക്കാർ, പോലീസിന്റെ ശേഷി, അവരുടെ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിന് ഉതകുന്ന തരത്തിൽ, ശക്തിപ്പെടുത്തുന്നതാണ്. പോലീസ് സ്റ്റേഷനുകൾ, വാർത്താ വിനിമയ ശൃംഖലകൾ, ചലനക്ഷമത, ആയുധശേഷി, പോലീസ് ജീവനക്കാർക്കുള്ള ഭവന നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ലഭ്യമായ എല്ലാ സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. വരും വർഷത്തിൽ പരിശീലനത്തിലൂടെയും കമ്പ്യൂട്ടറുകളുടെ ക്രമീകൃതമായ ഉപയോഗത്തിലൂടെയും കഴിവ് വർദ്ധിപ്പിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. കുറ്റാന്വേഷണത്തിൽ സാങ്കേതികവിദ്യയുടെ നിലവാരം ഉയർത്തുന്നതിനായി

ബോധപൂർവവും സ്ഥായിയായതുമായ പരിശ്രമം നടത്തുന്നതാണ്. ഫോറൻസിക് സയൻസ് ലബോറട്ടറിയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയും അത്യന്താധുനിക ഉപകരണങ്ങൾ സജ്ജീകരിച്ച് നിലവാരം ഉയർത്തുന്നതാണ്.

16. തടവുകാരുടെ ക്ഷേമാഭിവൃദ്ധിക്കായി, എന്റെ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. അഗ്നിശമന സേനയെ നവീകരിക്കുന്നതും, സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും അഗ്നിശമന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനാവശ്യമായ പിന്തുണ നല്കുന്നതുമാണ്.

17. കുടുംബ സമ്പാദ്യങ്ങൾ സൂക്ഷ്മതലത്തിൽ ഫലപ്രദമായി വിനിയോഗിക്കുകവഴി, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടു കൂടി 'കുടുംബസംഘം' (ഫാമിലി ഫെലോഷിപ്പ്) എന്ന ഒരു നൂതന ആശയം നടപ്പാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇരുപത്തഞ്ചു കുടുംബങ്ങൾ അടങ്ങുന്നതാണ് കുടുംബ സംഘത്തിന്റെ ഒരു മാതൃകാ ഘടകം. വരുമാന ലഭ്യമായ ഒരു കാർഷികമോ വ്യാവസായികമോ ആയ പ്രവർത്തനം ആരംഭിക്കുന്നതിന് ഇതിലെ അംഗങ്ങൾ ഒത്തുചേരുന്നതാണ്. നാലു കുടുംബസംഘങ്ങൾ ചേരുന്നതാണ് ഒരു കുടുംബഫോറം. പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ അത്തരം ഫോറങ്ങൾക്കായി ചെറുകിട യൂണിറ്റുകളും വികസന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതാണ്.

18. സംസ്ഥാനത്തെ വ്യാവസായിക വികസനത്തിനായി, സർക്കാർ 1991—ൽ പ്രഖ്യാപിച്ച വ്യവസായ നയത്തിലധിഷ്ഠിതമായ തികച്ചും നൂതനമായ ഒരു സമീപനമാണ് എന്റെ സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വ്യാവസായിക വികസനത്തിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും സ്വാഗതം

ചെയ്യുകയും ചെയ്യുന്നതാണ്. സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാരംഗം തികച്ചും കാര്യക്ഷമമാക്കുന്നതും രാജ്യത്തെ തന്നെ വിവരസാങ്കേതിക രംഗത്തെ ഒരു പ്രമുഖ ലക്ഷ്യസ്ഥാനമാക്കി കേരളത്തെ രൂപാന്തരപ്പെടുത്തുന്നതുമാണ്. കൊച്ചിയെ കേരളത്തിന്റെ വിവര സാങ്കേതിക വിദ്യാ ആസ്ഥാനമായി വികസിപ്പിക്കുന്നതാണ്. വിവര സാങ്കേതിക വിദ്യയിൽ വിദഗ്ദ്ധ പരിശീലനം നേടിയ ഐ. ടി. പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി വിവര സാങ്കേതിക വിദ്യാ വൈദഗ്ദ്ധ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിവര സാങ്കേതിക വിദ്യാ മേഖലയിലുള്ള സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലെത്തിക്കുന്നതിനും ഗവേഷണവും വികസനവും ഏറ്റെടുക്കുന്നതിനും ഉതകുന്ന ഒരു പ്രഭവ കേന്ദ്രമായി കേരളത്തിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിനെ വികസിപ്പിക്കുന്നതാണ്. കൂടാതെ, കേരളത്തെ, രാജ്യത്തെ തന്നെ ഒരു മാതൃകാ ഇലക്ട്രോണിക് ഭരണ (ഇ—ഗവേണൻസ്) സംസ്ഥാനമായി ഉയർത്തുവാനും എന്റെ സർക്കാർ ഉദ്യമിക്കുന്നതാണ്. സമസ്ത മേഖലകളിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതാണ്.

**19**. സംസ്ഥാനത്തെ വ്യാവസായിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിനുള്ള എന്റെ സർക്കാരിന്റെ ഉദ്യമത്തിൽ ജൈവസാങ്കേതിക വിദ്യയും മറ്റൊരു സുപ്രധാന മേഖലയായിരിക്കും. വിദേശ—ഗാർഹിക നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനുമായി വ്യവസായ സംരംഭകർക്ക് എല്ലാ ആനുകൂല്യങ്ങളും മതിയായ പ്രോത്സാഹനവും നൽകുന്നതിനായി വ്യവസായ രംഗത്ത് "പ്രത്യേക വ്യവസായ മേഖലകൾ" വികസിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

ഗുണമേന്മ, ഉല്പാദനക്ഷമത, കാര്യക്ഷമത എന്നീ കാര്യങ്ങളിൽ ആഗോളതലത്തിൽ മത്സരിക്കുന്നതിനായി ചെറുകിട വ്യവസായങ്ങൾ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. കൊച്ചി, കോട്ടയം എന്നീ ജില്ലകളിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കായി ആരംഭിച്ച ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വികസനം പോലെയുള്ള തന്ത്രങ്ങൾ മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

**20**. അടിസ്ഥാന സൗകര്യ വികസനത്തിന് എന്റെ സർക്കാർ ഒരു പുത്തൻ ഉണർവേകുന്നതാണ്. എറണാകുളത്തെ മട്ടാഞ്ചേരി പാലത്തിനു വേണ്ടിയുള്ള ബി.ഒ.റ്റി. പദ്ധതിയിൽ നിന്നും സ്വായത്തമാക്കിയ അനുഭവജ്ഞാനം മറ്റു പല സുപ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളും അതേ സമ്പ്രദായത്തിൽ രൂപപ്പെടുത്തുവാനായി ഉപയോഗപ്പെടുത്തുന്നതാണ്. റോഡുകൾ, പാലങ്ങൾ മറ്റ് മേഖലകൾ എന്നിവയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു ബി.ഒ.റ്റി. സമ്പ്രദായം എന്റെ സർക്കാർ ആവിഷ്കരിക്കുന്നതാണ്.

**21**. പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുവാനായി എന്റെ സർക്കാർ വിദഗ്ദ്ധ ഏജൻസികളുടെ സഹായം തേടുന്നതാണ്. പൊതുവിപണിയിൽ മത്സരിക്കുന്നതിനും നിലനിൽക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് അനുയോജ്യമായ തന്ത്രങ്ങൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന ഖജനാവിന് താങ്ങാനാവാത്ത ബാദ്ധ്യതയുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയിൽ നിന്നുള്ള നിക്ഷേപം വഴി സർക്കാർ പുനഃസംഘടിപ്പിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ധനം, സാങ്കേതിക വിദ്യ, തൊഴിൽ വൈദഗ്ദ്ധ്യം എന്നിവ സമാഹരിക്കുന്നതിന് ഇതുമൂലം സാദ്ധ്യമാകുന്നതാണ്.

**22.** കയർ വ്യവസായം ഇന്ന് ഗുരുതരമായ ഒരു പ്രതിസന്ധി നേരിടുകയാണ്. നാലു ലക്ഷത്തിൽപ്പരം കയർ തൊഴിലാളി കുടുംബങ്ങൾ അവരുടെ നിത്യവൃത്തിക്കായി കയർ മേഖലയെ മാത്രമാണ് ആശ്രയിക്കുന്നത്. കയർ വ്യവസായത്തെയും അതിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളേയും മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും സർക്കാർ സംരക്ഷിക്കുകയും കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. നൂറ് ജിയോ ടെക്സ്റ്റയിൽ യൂണിറ്റുകൾ തുടങ്ങുന്നതുൾപ്പെടെ സഹകരണ മേഖലയിലും ഉല്പാദന രംഗത്തും വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. കയർകൊണ്ടുള്ള ജിയോ ടെക്സ്റ്റയിൽസിനെ പ്രോൽസാഹിപ്പിക്കുന്നതിനായി കയർ വികസന ഡയറക്ടറേറ്റിലെ ജി. റ്റി. ഡി. പി. സെല്ലിന് മതിയായ ധനസഹായം നൽകുന്നതാണ്. കയർ ബോർഡിന്റെയും, ഉല്പാദകരുടെയും, കയററുമതിക്കാരുടെയും, തൊഴിലാളികളുടേയും, സംയുക്ത പരിശ്രമം കൊണ്ടുമാത്രമേ കയർ വ്യവസായം നേരിടുന്ന അഭൂതപൂർവ്വമായ പ്രതിസന്ധി ഫലപ്രദമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. മററ് സംസ്ഥാനങ്ങളിൽ നിന്നു വരുന്ന വിലകുറഞ്ഞ കയറുല്പന്നങ്ങളിൽ നിന്നും അനാരോഗ്യകരമായ മൽസരം നേരിടേണ്ടിവരുന്നുണ്ട്. ഈ ഭീഷണിയെ നേരിടുന്നതിന് മൂല്യവർദ്ധിത കയറുല്പന്നങ്ങളിൽ നൂതന ഡിസൈനുകളും വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളും വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

**23.** പ്രാഥമിക സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നിവയിൽ വിററഴിയാത്ത കയറും, കയർ ഉല്പന്നങ്ങളും വൻതോതിൽ കെട്ടിക്കിടക്കുന്നു. ഇൻഡ്യാ ഗവൺമെൻറിന്റെ ലിബറൽ നയത്തിലും അതിന്റെ വിപണി വികസന സഹായത്തിലും ഉണ്ടായ മാററങ്ങൾ ഈ സ്ഥാപനങ്ങളുടെ വിപണന പ്രശ്നങ്ങൾ വഷളാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിന്റെയും കയർ ബോർഡിന്റെയും നയത്തിന്റെ ഭാഗമായി

ഏററവും കുറഞ്ഞ കയററുമതി കൂലി പടിപടിയായി പിൻവലിച്ചതും ഈ പ്രതിസന്ധി രൂക്ഷമാകുവാൻ മാത്രമേ സഹായിച്ചുള്ളു. ഏററവും കുറഞ്ഞ കയററുമതി കൂലി നിലനിറുത്തുന്നതിനും, കയർ അലങ്കാരവസ്തുക്കൾ പോലുള്ള ചില കയർ ഉല്പന്നങ്ങളെ സംബന്ധിച്ച് അതു പിൻവലിക്കാനുള്ള അതിന്റെ തീരുമാനം മാററുന്നതിനുമായി കേന്ദ്ര ഗവൺമെൻറിന്റെ മേൽ സ്വാധീനം ചെലുത്തുന്നതിന് എന്റെ സർക്കാർ എല്ലാ പരിശ്രമവും ചെയ്യുന്നതാണ്.

**24.** ലക്ഷക്കണക്കിന് കുടുംബങ്ങളെ താങ്ങിനിർത്തുന്ന കൈത്തറി, കശുവണ്ടി, ബീഡി, മത്സ്യബന്ധനം തുടങ്ങിയ മററ് പരമ്പരാഗത വ്യവസായങ്ങൾ വർഷങ്ങളായി തകർച്ചയിലാണ്. ഈ പരമ്പരാഗത വ്യവസായങ്ങൾ ഓരോന്നും പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും എന്റെ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്. കൈത്തറി വ്യവസായം സംസ്ഥാനത്ത രണ്ട് ലക്ഷം ആളുകൾക്ക് തൊഴിൽ നല്കുന്നു. സഹകരണ പ്രസ്ഥാനത്തെയും ഹാൻവീവ്, ഹാൻടെക്സ് എന്നീ നേതൃസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും ശക്തിപ്പെടുത്തിക്കൊണ്ട് കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. ഫാഷൻ ആൻറ് ഡിസൈൻ ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ട് വികസിപ്പിച്ചെടുത്ത പുതിയ ഡിസൈനുകൾക്ക് വിദേശത്ത് വിപണികൾ കണ്ടെത്തുന്നതിനാണ് ഊന്നൽ നൽകുക. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കശുവണ്ടി മേഖലയിലും എന്റെ സർക്കാർ പുതിയ തന്ത്രം ആവിഷ്ക്കരിക്കുന്നതാണ്. തദ്വാരാ കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നല്കുവാൻ സാധിക്കുന്നതാണ്.

**25.** മത്സ്യബന്ധനമേഖലയിലെ സാദ്ധ്യത അൻപതു ശതമാനം മാത്രം ഉപയോഗപ്പെടുത്തുവാനേ സംസ്ഥാനത്തിന് സാധിക്കുന്നുള്ളൂ എന്ന് എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും തുല്യമായ ശ്രദ്ധ നൽകിക്കൊണ്ട് ഈ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായിരിക്കും ഊന്നൽ നൽകുക. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി ഏകദേശം 15 കോടി രൂപ ചെലവ് വരുന്ന ഒരു ബൃഹത്തായ സ്വയംതൊഴിൽ പദ്ധതി രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അതിൽ മത്സ്യത്തൊഴിലാളി സ്ത്രീകളെ സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിക്കുകയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളും മററു പ്രവർത്തനങ്ങളും ഏറെറടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതുമാണ്. എൻ.സി.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഒരു സംയോജിത മത്സ്യബന്ധന വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. ഏഴ് സ്ഥലങ്ങളിൽ പുതിയ ഫിഷ് ലാൻഡിംഗ് സെൻററുകൾ നിർമ്മിക്കുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി പുനരുജ്ജീവിപ്പിക്കുകയും മത്സ്യത്തൊഴിലാളി വിഭാഗത്തിന് മെച്ചപ്പെട്ട സഹായം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനായി അതിന്റെ വിഭവശേഷി വർദ്ധിപ്പിക്കുന്നതുമാണ്.

**26.** സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു നിയമം കൊണ്ടുവരാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**27.** സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നല്കുന്നതാണ്. താമസിയാതെതന്നെ സമഗ്രമായ ഒരു ''പരിസ്ഥിതി നയം'' പ്രഖ്യാപിക്കുന്നതാണ്.

**28.** ആധുനിക വികസനത്തിന്റെ ഒരു നിർണ്ണായക ഘടകമാണ് ശാസ്ത്ര–സാങ്കേതികശാസ്ത്ര വികസനം. സ്റ്റേറ്റിനും അതിന്റെ ഗവേഷണ സ്ഥാപനങ്ങൾക്കും ലഭ്യമായ ശാസ്ത്ര- സാങ്കേതിക വിവരങ്ങൾ ഇതര ഏജൻസികൾക്കും ലഭ്യമാകുന്നതിന് ഒരു ''സയൻസ് ടെക്നോളജി ആന്റ് എൻവയേൺമെന്റ് ഇൻഫർമാറ്റിക്സ് സെന്റർ'' തുടങ്ങുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ സംരംഭകർക്ക് അവരുടെ ഉപയോഗത്തിനായി ഏറ്റവും നൂതനമായ അന്തർദേശീയ സാങ്കേതിക വിദ്യയും ഇത് ലഭ്യമാക്കുന്നതാണ്.

**29.** നമ്മുടെ കർഷക സമൂഹം നേരിടുന്ന കഠിനമായ പ്രയാസങ്ങളെക്കുറിച്ച് എന്റെ സർക്കാരിന് പൂർണ്ണമായും ബോദ്ധ്യമുണ്ട്. കർഷകരും, ഓരോ കർഷകത്തൊഴിലാളിയും അതുമായി ബന്ധപ്പെട്ട തൊഴിലാളികളും തീർത്തും ഒരു വിഷമ ഘട്ടത്തിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഇത്, തികച്ചും എല്ലാ കാർഷികോല്പന്നങ്ങൾക്കും അടുത്ത കാലത്തുണ്ടായ കുത്തനെയുള്ള വിലയിടിവിന്റെയും, തെങ്ങ്, കുരുമുളക്, കശുവണ്ടി മുതലായ പ്രധാന കാർഷിക വിളകൾക്ക് ഉണ്ടായ വ്യാപകവും ഹാനികരവുമായ പകർച്ചവ്യാധികളുടെയും സമ്മിശ്ര ഫലത്താലാണെന്നതിന് യാതൊരു സംശയവുമില്ല. കാർഷികമേഖലയിൽ നിന്നുള്ള വരുമാനത്തിലെ ഗണ്യമായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെയും സാരമായി ബാധിച്ചു എന്നതിൽ യാതൊരു സംശയവുമില്ല. സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും ഈ സാഹചര്യത്തെ മറി കടക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**30.** കൃഷിയെ സംബന്ധിച്ച ഡബ്ല്യു. ടി. ഒ. കരാറിന്റെ ഫലമായി ഇന്ത്യൻ കമ്പോളം തുറന്നുകൊടുത്തതിന്റെ സ്വാധീനത്തെക്കുറിച്ച് തുടർച്ചയായ പഠനം നടത്തുവാൻ വിദഗ്ദ്ധന്മാരുടെ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി താമസിയാതെ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

ഈ കമ്മിററി, ഡബ്ലിയു. ടി. ഒ. കരാറിന്റെ ദൂഷ്യഫലങ്ങൾ അതിജീവിക്കുന്നതിനും, അന്താരാഷ്ട്ര കമ്പോളങ്ങളുടെ പൂർണ്ണ പ്രയോജനം ചൂഷണം ചെയ്യുന്നതിനുമുള്ള നടപടികളെക്കുറിച്ച് ശുപാർശകൾ നൽകുന്നതാണ്.

**31**. കാലക്രമേണ പുറത്തുനിന്നുള്ള ഉൽപ്പന്നങ്ങളുടെ മത്സരം ഫലപ്രദമായി നേരിടുന്നതിനും നമ്മുടെ ഉൽപ്പന്നങ്ങളുടെ വില കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പുകളെയും സർക്കാർ ഏജൻസികളെയും പുനഃസംഘടിപ്പിക്കുന്നതാണ്. വിലയേറിയ പച്ചക്കറികളുടെയും പൂക്കളുടെയും, ഫലങ്ങളുടെയും, സുഗന്ധദ്രവ്യങ്ങളുടെയും മററ് ഹോർട്ടികൾച്ചർ വിളകളുടെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്കായി എന്റെ സർക്കാർ ഒരു ഹോർട്ടികൾച്ചർ വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല, ഭൂവികസനത്തിനായി പ്രവർത്തിക്കുന്ന യൂണിററുകളെയും സംഘടനകളെയും ഒരു ഏജൻസിക്ക് കീഴിൽ കൊണ്ടുവന്ന് മണ്ണിന്റെ ഫലഭൂയിഷ്ടത സ്ഥായിയായ രീതിയിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു ഭൂവിഭവ വകുപ്പ് രൂപീകരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പ്രാദേശികതല സ്ഥാപനങ്ങൾക്ക് ഈ പുതിയ വകുപ്പ് ''നീർമറി പ്രദേശാടിസ്ഥാനത്തിൽ'' മണ്ണ്, ജലം, ജീവജാലം, എന്നിവയുടെ വികസനവും കൂടാതെ വിലയേറിയ ഹോർട്ടികൾച്ചർ വിളകളുടെ വികസനവും ഏറെറടുക്കുന്നതിന് ആവശ്യമായ സാങ്കേതിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതാണ്.

**32**. കർഷകർക്ക് സമയോചിതമായ സേവനം നൽകുന്നത് ഉറപ്പുവരുത്തുന്ന രീതിയിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, അതോറിററികൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതാണ്. കേരള ഹോർട്ടി കൾച്ചർ വികസന പരിപാടികളുടെയും ഹരിത സംഘങ്ങളുടെയും കേരള സംസ്ഥാന ഹോർട്ടി കൾച്ചർ പ്രോഡക്ട്സ് ഡെവലപ്മെന്റ്

കോർപ്പറേഷന്റെയും പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട ഏകോപനം കൈവരിക്കുന്നതാണ്. കേരള കാർഷിക സർവ്വകലാശാല, സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ് എന്നിവയുടെ മുന്നേറ്റം കൊണ്ടുള്ള മുഴുവൻ ഗുണങ്ങളും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി 'ക്രോപ്പ്-സ്പെസിഫിക് റിസേർച്ചുകൾ' ഏറ്റെടുക്കുന്നതാണ്.

**33**. എന്റെ സർക്കാർ കാർഷിക രംഗത്തുള്ള സംസ്ഥാന, കേന്ദ്ര, സർക്കാരിതര ഗവേഷണ പരിശീലന സ്ഥാപനങ്ങളെ, അവരുടെ പരിധിയിലുള്ള കൃഷിക്കാരെ സഹായിക്കുന്നതിനായി ഗവേഷണം, പരിശീലനം, വികസനം എന്നിവ നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതാണ്. ഗവേഷണ ഫലങ്ങൾ കർഷകരിലേക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുന്നതിനും മണ്ഡരി, വേരുചീയൽ എന്നീ രോഗങ്ങൾക്കെതിരെ പൊരുതുന്നതിന് കർഷകരെ സഹായിക്കുന്നതിനുമുള്ള ഫലവത്തായ 'റിസർച്ച് എക്സ്റ്റൻഷൻ ഇന്റർഫേസ്' വികസിപ്പിക്കുന്നതിനുവേണ്ടി, വിവിധ തലങ്ങളിൽ അനുയോജ്യമായ സംവിധാനങ്ങൾ നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**34**. പല പ്രദേശങ്ങളിലും കർഷകർ നെൽവയലുകൾ മറ്റ് ആവശ്യങ്ങൾക്കായി മാറ്റുന്നത് തുടർന്നുകൊണ്ടിരിക്കുന്നതായി എന്റെ സർക്കാരിന് അറിവുള്ളതാണ്. നെൽകൃഷി നിലനിറുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റു പ്രോത്സാഹനങ്ങളും ലഭ്യമാക്കിക്കൊണ്ട് ഈ പ്രവണതയെ മാറ്റിയെടുക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**35**. കൃഷിയുടെ ഏറ്റവും നിർണ്ണായക ഘടകമായ ജലസേചനത്തിന്റെ കാര്യക്ഷമത ആഴത്തിൽ പഠിക്കുകയും, കർഷകർക്കും അവരുടെ സംഘങ്ങൾക്കും യഥാസമയം ജലം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിന് നടപടികൾ

ദക്കക്കൊള്ളുകയും ചെയ്യുന്നതാണ്. കർഷകർക്ക് പരിശീലനം നൽകിക്കൊണ്ടും വികസന ജോലികൾ നടത്തിക്കൊണ്ടും വിളകൾക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതാണ്.

**36**. സംസ്ഥാനത്തെ കൃഷിയുടെ നട്ടെല്ലായ നാളികേരത്തിന് ഒരു 'കോക്കനട്ട്' ടെക്നോളജി മിഷൻ മുഖേന പ്രത്യേക ശ്രദ്ധ ലഭിക്കുന്നതാണ്. ഈ മിഷൻ ആരംഭിക്കുന്നതുവരെ ഇപ്പോഴത്തെ പരിപാടികളായ കമ്മ്യൂണിറ്റി ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ, ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ വിതരണം, സസ്യസംരക്ഷണ നടപടികൾ സ്വീകരിക്കൽ എന്നിവ ത്വരിതപ്പെടുത്തുന്നതാണ്. കർഷകർക്ക് മെച്ചപ്പെട്ട ആദായം ഉറപ്പുവരുത്തുന്നതിന് സമ്മിശ്ര കൃഷി പ്രോൽസാഹിപ്പിക്കുന്നതാണ്. തെങ്ങിന്റെ മണ്ഡരിരോഗവും മറ്റു രോഗങ്ങളും ഉയർത്തുന്ന വിപത്ത് ഇല്ലാതാക്കുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. ശാസ്ത്രീയമായ മാർഗ്ഗങ്ങളവലംബിച്ച് മണ്ഡരി രോഗ വിപത്ത് പൂർണ്ണമായി നിയന്ത്രിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ, കൃഷി വകുപ്പ്, പഞ്ചായത്ത്, കർഷക സമിതികൾ എന്നിവയുടെ കൂട്ടായ യത്നങ്ങൾ എന്റെ സർക്കാർ ഉറപ്പാക്കുന്നതാണ്. നാളികേരം, ഏറ്റവും കുറഞ്ഞ താങ്ങുവിലയ്ക്ക് അനുയോജ്യമായ ഒരു വിലയ്ക്ക് കർഷകരിൽ നിന്നും സംഭരിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കുന്നതാണ്. സംഭരണ നടപടികൾ സൂക്ഷ്മമായി അവലോകനം ചെയ്തുകൊണ്ട് മദ്ധ്യവർത്തികൾ കർഷകരെ ചൂഷണം ചെയ്യുന്നതു തടയാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഉൽപ്പന്ന വൈവിധ്യത്തിനും നാളികേര ഉൽപ്പന്നങ്ങളുടെ വിപണനത്തിനും വേണ്ടി പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലെയും സംരംഭങ്ങൾക്ക് പരിപൂർണ്ണ പ്രോൽസാഹനം നൽകുന്നതാണ്.

**37.** റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. വൻതോതിൽ റബ്ബർ ഇറക്കുമതി ആരംഭിച്ച 1996—മുതലാണ് റബ്ബർ വ്യവസായത്തിൽ പ്രതിസന്ധി ആരംഭിച്ചത്. 'അഡ്വാൻസ് ലൈസൻസ്' മുഖാന്തിരം റബ്ബർ ഇറക്കുമതിക്കുള്ള നിയന്ത്രണങ്ങൾ നീക്കരുതെന്ന് കേന്ദ്ര ഗവൺമെന്റിനോട് എന്റെ സർക്കാർ ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. രാജ്യത്ത് 1.5 ലക്ഷം ടൺ റബ്ബർ മിച്ചമുണ്ടെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ 'ഒ.ജി.എൽ.' വഴി റബ്ബറിന്റെ യാതൊരു ഇറക്കുമതിയും അനുവദിക്കരുതെന്നും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റോഡുകളിലും പുതിയ വ്യവസായങ്ങളിലും റബ്ബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ലോക വ്യാപാര സംഘടനയുമായി പുനരാലോചന വഴി അന്താരാഷ്ട്ര വ്യാപാരത്തിലെ കാർഷിക ഉത്പന്നങ്ങളിൽ ഒന്നായി റബ്ബറിനെ ഉൾപ്പെടുത്താനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്. 'അഡ്വാൻസ് ഇംപോർട്ട് ലൈസൻസ്' ഉള്ളവർക്ക് നൽകാനായി റബ്ബർ സംഭരിക്കുന്നതിന് പൂർണ്ണ സഹായം നൽകുന്നതാണ്. കർഷകർക്ക് സാമ്പത്തികമായി ലാഭകരമല്ലാത്ത വിലയ്ക്കുതാഴെ റബ്ബർ വില തുടരുന്നുവെങ്കിൽ, വില ഉയർത്താനും റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനും സർക്കാർ, വിപണിയിൽ ഇടപെടുന്നതാണ്.

**38.** സുഗന്ധ വ്യഞ്ജനങ്ങൾക്ക് വിശിഷ്യാ ജൈവ സുഗന്ധദ്രവ്യങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ പ്രിയമേറിയിട്ടുണ്ട്. തെക്ക് കിഴക്കൻ ഏഷ്യയിലേയും മറ്റു രാജ്യങ്ങളിലേയും ഉത്പന്നങ്ങളുമായി മത്സരിക്കുന്നതിന് കുരുമുളകിന്റെയും മറ്റു സുഗന്ധ വ്യഞ്ജനങ്ങളുടെയും ഗുണനിലവാരവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിന് പ്രധാന സുഗന്ധദ്രവ്യ ഉത്പാദന ജില്ലകളിലെ കർഷകരെ സഹായിക്കുന്നതാണ്.

**39.** നമ്മുടെ സംസ്ഥാനത്ത് കശുവണ്ടിക്ക് വളരെയധികം കയറ്റുമതി സാദ്ധ്യത ഉണ്ട്. കയറ്റുമതിക്കായി കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിബിഡമായ നട്ടുവളർത്തൽ, മുകുളന പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള നട്ടുവളർത്തൽ, ഉൽപ്പാദനക്ഷമമല്ലാത്ത തോട്ടങ്ങൾ നന്നാക്കി ഉൽപ്പാദനം മെച്ചപ്പെടുത്തൽ എന്നിവ പ്രത്യേക സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടെത്തി വൻതോതിൽ പരീക്ഷിക്കുന്നതാണ്.

**40.** ഹരിത സംഘങ്ങൾ മുഖേന പച്ചക്കറി ഉല്പാദനം നടപ്പിലാക്കിയതിലുള്ള ന്യൂനതകൾ സൂക്ഷ്മമായി പഠിക്കുന്നതാണ്. ഈ പദ്ധതി നേർവഴിക്ക് കൊണ്ടുവന്ന് അനുയോജ്യമായ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതാണ്. ഉല്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രോഡക്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷനുമായും സ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്നതും കർഷകർക്ക് ന്യായവില ഉറപ്പു വരുത്തുന്നതും അങ്ങനെ ഈ പദ്ധതിയെ സുസ്ഥിരമാക്കുന്നതുമാണ്.

**41.** കാർഷിക–വ്യവസായങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. നാളികേരം, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനും എന്റെ സർക്കാർ ഊന്നൽ നൽകുന്നതാണ്.

**42.** ആവശ്യമായ നിയമനിർമ്മാണത്തിലൂടെ കൃഷിക്കാർക്ക് ഋണാശ്വാസം നൽകുന്നതാണ്.

**43.** 2000–2001 വർഷത്തിൽ സംസ്ഥാനത്ത് 26.75 എൽ. എം. ടി. ക്ഷീരോല്പാദനം രേഖപ്പെടുത്തി. സഹകരണ മേഖലയിൽ പാൽ സംഭരണത്തിലുണ്ടായ വർദ്ധന സർവ്വകാല റിക്കാർഡായ 22% ആണ്. സങ്കര സന്താനോൽപ്പാദന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും പ്രസ്തുത വിഭാഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും

മൃഗസംരക്ഷണ ക്ഷീരോല്പാദന മേഖലകളിലെ ഉല്പാദന ക്ഷമത കൂട്ടുന്നതിനുള്ള ഉദ്യമങ്ങളും തുടരുന്നതാണ്. ഉല്പാദന വർദ്ധനവിനനുസരിച്ച് കെ. സി. എം. എം. എഫ്.-ന്റെ സംസ്കരണ ശേഷിയും വർദ്ധിപ്പിക്കുന്നതാണ്. സ്വകാര്യ ഏജൻസികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് കൂടുതൽ വില്പന ഏജൻസികളെ പ്രോത്സാഹിപ്പിച്ച് ക്ഷീരോല്പാദന സഹകരണ സംഘങ്ങളുടെ വിപണിയിലെ ഓഹരി വർദ്ധിപ്പിക്കുന്നതിന് യത്നിക്കുന്നതാണ്.

**44.** ക്ഷീര സംസ്കരണത്തിലെന്നപോലെ മാംസ സംസ്കരണത്തിലും ഉന്നത നിലവാരമുള്ള ആരോഗ്യപരിപാലനവും ശുചിത്വവും ഉറപ്പുവരുത്തുന്നതാണ്. സഞ്ചരിക്കുന്ന കൃത്രിമ ബീജ സങ്കലന യൂണിറ്റുകളുടെ ഉപയോഗത്തിനായുള്ള പൈലറ്റ് പ്രോജക്റ്റുകളെന്നപോലെ കറവയന്ത്രങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീരോല്പാദന സഹകരണ സംഘങ്ങളുടെയും പ്രായോഗിക പങ്കാളിത്തത്തോടെ വിപുലമായി സ്വീകരിക്കപ്പെടുന്നതിനായി വികസിപ്പിക്കുകയും ചെയ്യുന്നതാണ്.

**45.** ശാസ്ത്രീയ കന്നുകാലി വളർത്തലിലും കോഴി വളർത്തലിലും കുറഞ്ഞത് 15,000 കർഷകരെ പരിശീലിപ്പിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ ക്ഷീര കർഷകരേയും കാമധേനു ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയും ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി അവയ്ക്ക് പ്രചാരം നൽകുകയും ചെയ്യുന്നതാണ്. സമഗ്ര മൃഗ സംരക്ഷണ പരിചരണത്തിലൂടെ അകിടുവീക്കം നിയന്ത്രിക്കുന്നതിനും ഒരു തീവ്രശ്രമം നടത്തുന്നതാണ്. ഗ്രാമങ്ങളും പ്രത്യേക പ്രദേശങ്ങളും ഏറ്റെടുത്തുകൊണ്ട് ഒരു തീവ്ര കന്നുകാലി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതാണ്. തീറ്റപ്പുൽ നടീൽ വസ്തുക്കളുടെ ലഭ്യത പ്രാദേശികമായി ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ തീറ്റപ്പുൽ നഴ്സറികൾ സ്ഥാപിക്കുന്നതാണ്. ഉപഭോക്താക്കളെന്ന

പോലെയുള്ള ഉല്പാദകർക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ജില്ലാ ക്ഷീരോല്പാദന ഗുണമേന്മാ നിയന്ത്രണ ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതാണ്.

**46.** സാധാരണക്കാരന് ആരോഗ്യ സംരക്ഷണ സേവന ലഭ്യത മെച്ചപ്പെടുത്താൻ എന്റെ സർക്കാർ യത്നിക്കുന്നതാണ്. ഇതിനായി ജില്ലാ, താലൂക്ക് ആശുപത്രികളിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ലോക ബാങ്ക് സഹായത്തോടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും താലൂക്ക്, ജില്ലാ ആശുപത്രികളും മെച്ചപ്പെടുത്തുന്നതിനായി ഒരു പദ്ധതി എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. ആശുപത്രി വികസന സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. രോഗികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി മെഡിക്കൽ കോളേജുകളെ ക്രമേണ റെഫറൽ ആശുപത്രികളാക്കി മാറ്റുന്നതാണ്. 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്' ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്ത് ഒരു പുതിയ 'ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി' സ്ഥാപിക്കുന്നതാണ്. അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഔഷധ സസ്യ ഇനങ്ങളുടെ പ്രജനനത്തിനു വേണ്ടി ഒരു 'ടിഷ്യൂ കൾച്ചർ ലബോറട്ടറി' യും സ്ഥാപിക്കുന്നതാണ്.

**47.** സാംക്രമികമല്ലാത്ത രോഗങ്ങൾ സംസ്ഥാനത്തിന്റെ മുഖ്യ ഭീഷണിയായി ഉയർന്നുവരുന്നു. സാംക്രമികമല്ലാത്ത രോഗങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി എന്റെ സർക്കാർ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പൊതുജനാരോഗ്യ സമ്പർക്ക പരിപാടി ആരംഭിക്കുന്നതാണ്. ഇത്തരം സമ്പർക്ക പരിപാടി പൊതുജനാരോഗ്യ പ്രവർത്തകർ

മുഖ്യാന്തിരം നടപ്പാക്കുന്നതും, ഒരു ഹെൽത്ത് കാർഡ് സമ്പ്രദായം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വ്യക്തിയും നിരീക്ഷിക്കപ്പെടുന്നതുമാണ്.

**48**. സൗകര്യപ്രദമായ രീതിയിൽ പരിശോധനാ സമയം നിശ്ചയിക്കുന്നതിനും ആശുപത്രി വികസന കമ്മിറ്റിയുടെ ധനാഗമമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനുമായി മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും 'പേ ക്ലിനിക്കുകൾ' ഏർപ്പെടുത്തുന്നതാണ്. ആശുപത്രി വാർഡുകൾ ദത്തെടുക്കുന്നതിനും ആശുപത്രികൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുമായി മാനവിക സന്നദ്ധ സംഘടനകളെയും മറ്റു ദാതാക്കളെയും ക്ഷണിക്കുന്നതാണ്. മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന രോഗികൾക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്.

**49**. ആയുർവേദത്തിലുള്ള വർദ്ധിച്ചുവരുന്ന താൽപര്യം കണക്കിലെടുത്ത് തിരുവനന്തപുരത്തും, കണ്ണൂരും ഉള്ള ആയുർവേദ മെഡിക്കൽ കോളേജുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആക്കി മാറ്റുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**50**. വിനോദസഞ്ചാരം കേരളത്തിന് അനുയോജ്യമായ പ്രമുഖ മേഖലയായി മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ വിനോദസഞ്ചാരം സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തിനകത്ത് വളർന്നുവികസിക്കുകയുണ്ടായി. ഈ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. വിനോദ സഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം പരിവഹനശേഷിയുമായി ബന്ധപ്പെടുത്തുന്നതിന് ഒരു നിയന്ത്രണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**51.** കായൽ വിനോദ സഞ്ചാര വികസനം, വാഗമൺ ഒരു പുതിയ മലയോര സുഖവാസ കേന്ദ്രമായി വികസിപ്പിക്കുക, കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഗോൾഫ് കോഴ്സുകളുടെ വികസനം, ''ദൈവത്തിന്റെ സ്വന്തം നാട്'' എന്ന മുഖമുദ്രയുള്ള കേരളത്തിലെ വിനോദസഞ്ചാര സൗകര്യം വർദ്ധിപ്പിക്കൽ എന്നിവയും എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. വർദ്ധിച്ച തോതിൽ വരുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ആ മേഖലയിൽ മാനവശേഷി പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര നിലവാരമുള്ള ഒരു പുതിയ സ്വാശ്രയ ''ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട്'' സ്ഥാപിക്കുന്നതാണ്.

**52.** സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ പ്രവാസി മലയാളികൾ നിർണ്ണായകവും സുപ്രധാനവും ആയ ഒരു പങ്കു വഹിച്ചിട്ടുണ്ട്. വികസന പ്രക്രിയയ്ക്ക് വർദ്ധിച്ച പ്രോത്സാഹനം നൽകുന്നതിനായി അവരുടെ കഴിവുകളും സമ്പത്തുകളും പ്രയോജനപ്പെടുത്താൻ എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. മെഡിക്കൽ, എൻജിനീയറിംഗ്, വിവരസാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ ലോകനിലവാരമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് പ്രവാസി മലയാളികളെ ക്ഷണിക്കുന്നതാണ്.

**53.** സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ പ്രവാസി മലയാളികളുടെ സഹായം അഭ്യർത്ഥിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതോടൊപ്പംതന്നെ പ്രവാസി മലയാളികൾക്ക് ഫലപ്രദവും ബഹുമുഖവുമായ ക്ഷേമ പരിപാടികൾ ഏർപ്പെടുത്തുവാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിദേശകാര്യ വകുപ്പ്, പ്രൊട്ടക്റ്റർ ജനറൽ ഓഫ് എമിഗ്രന്റ്സ്, പോലീസ്, റവന്യൂ. പാസ്പോർട്ട് എന്നീ അധികാരസ്ഥാനങ്ങളുമായി നിരന്തരം ബന്ധം പുലർത്തുന്നതാണ്. ന്യൂഡൽഹിയിലെ കേരള ഹൗസിൽ ഒരു 'എൻ.ആർ.കെ.' സെൽ രൂപീകരിക്കുന്നതാണ്.

**54.** വൈദ്യുതോല്പാദന മേഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നതാണ്. നമുക്കു ലഭ്യമായ ഏറ്റവും ചെലവ് കുറഞ്ഞ ഊർജ്ജ സ്രോതസ്സ് ജലവൈദ്യുത പദ്ധതികൾ ആയതിനാൽ, അവയ്ക്കായിരിക്കും പ്രാധാന്യം നൽകുക. മൊത്തം 34.2 മെഗാവാട്ട് ശേഷിയുള്ള മൂന്നു ചെറുകിട ജലവൈദ്യുത പദ്ധതികളുൾപ്പെടെ പുതിയ കേന്ദ്രങ്ങൾ കമ്മിഷൻ ചെയ്തുകൊണ്ട് നടപ്പുവർഷം കേരള പവർ ഗ്രിഡിലേക്ക് 211.2 മെഗാവാട്ട് ഊർജ്ജം അധികമായി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ആകെ 305.15 മെഗാവാട്ട് വരുന്ന വിവിധ ശേഷികളിലുള്ള പുതിയ ജലവൈദ്യുത പദ്ധതികൾ നിർവഹണപ്രക്രിയയിലാണ്. 438 മെഗാ യൂണിറ്റ് അധികമായി ഉല്പാദിപ്പിക്കുന്നതിനായി ആസൂത്രണം ചെയ്ത നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ഓഗ്മെന്റേഷൻ സ്കീമുകൾ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പ്രസ്തുത പണികൾ മുന്തിയ പരിഗണന നൽകി പൂർത്തിയാക്കാൻ എന്റെ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

**55.** പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ പുനരുദ്ധാരണം, നവീകരണം, ആധുനികവൽക്കരണം, നിലവാരം ഉയർത്തൽ, (ആർ.എം.യു) എന്നീ ജോലികൾ പുരോഗമിച്ചുവരുന്നു. നടപ്പു സാമ്പത്തിക വർഷം തന്നെ അവ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. 300 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി പദ്ധതിയുടെ ആർ.എം.യു. ജോലികൾ ഈ വർഷംതന്നെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

**56.** സംസ്ഥാനത്തെ പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. 88 സബ് സ്റ്റേഷനുകളുടെ പണികൾ പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷംതന്നെ

ഈ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുന്നതിനായി അവയുടെ പണികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**57.** വിതരണമേഖലയിൽ ഈ വർഷം 1525 കി.മീ. 11 കെ.വി. ലൈനുകളും, 8100 കി.മീ. എൽ.ടി. ലൈനുകളും നിർമ്മിക്കാനും 1835 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഈ വർഷം 3,78,000 പുതിയ കണക്ഷനുകൾ നല്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**58.** കേരള സംസ്ഥാനത്തെ വൈദ്യുതി ബോർഡിൽ ഉപഭോക്തൃ ബന്ധം മെച്ചപ്പെടുത്തുന്നതിനായി അനേകം പുതിയ നടപടികൾ ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതാണ്. ഈ രംഗത്ത് പുതിയ പദ്ധതികൾ പരിഗണനയിലാണ്. വൈദ്യുതി ലഭ്യമാകാത്ത സമയം കുറയ്ക്കുന്നതിനായി തടസ്സവും, പ്രവർത്തന രാഹിത്യവും കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, അഞ്ചു ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുന്നതാണ്. തടസ്സങ്ങൾ നീക്കുന്നതിന് പുതിയ പദ്ധതികളും പരിഗണിച്ചു വരികയാണ്. കുറഞ്ഞ വോൾട്ടേജ് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വോൾട്ടേജ് മെച്ചപ്പെടുത്താനുള്ള ജോലികൾ ത്വരിതപ്പെടുത്തുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

**59.** കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ സാമ്പത്തിക ഭദ്രതയും ഉപഭോക്തൃ സൗഹൃദവും ഉള്ള ഒരു സംവിധാനമായി മാറ്റുന്നതിനുള്ള പരിഷ്ക്കാരങ്ങൾ സത്വരമായി നടപ്പിലാക്കുന്നതാണ്. ശാസ്ത്രീയാടിസ്ഥാനത്തിൽ താരിഫുകൾ നിശ്ചയിക്കുന്നതിനായി ഉടൻതന്നെ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നതാണ്.

**60.** ലബോറട്ടറികളുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വേണ്ടിയുള്ള, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിന്റെ അംഗീകാരത്തിനു വേണ്ടിയുള്ള നിബന്ധനകൾ നിറവേറ്റുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പുമായി ബന്ധപ്പെട്ട തിരുവനന്തപുരത്തെ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയെ പൂർണ്ണമായി സജ്ജീകരിക്കുന്നതാണ്. 'മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി'യെ 'ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സി'ന്റെ ഒരു റീജിയണൽ ടെസ്റ്റിംഗ് സെന്റർ എന്ന നിലയിൽ അംഗീകരിച്ചു കിട്ടുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

**61.** ലൈസൻസുകൾ, പെർമിറ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ പെട്ടെന്നു നൽകുന്നതിനും പുറമേ നിന്നുള്ള വിദഗ്ദ്ധാഭിപ്രായം തേടുന്നതുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളിലും കാര്യക്ഷമതയും കൃത്യതയും മെച്ചപ്പെടുത്തുന്നതിനുമായി പ്രധാന ജില്ലാ ഓഫീസുകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. കമ്പ്യൂട്ടർവൽക്കരണം നടപ്പിൽ വരുത്തുന്നതാണ്.

**62.** റോഡ് മേഖലയിൽ എന്റെ സർക്കാർ ധീരമായ കാൽവെയ്പ് നടത്തുന്നതാണ്. റോഡുകളുടെ നിർമ്മാണത്തിനും ധനലഭ്യതയ്ക്കുംവേണ്ടി സ്വകാര്യ പങ്കാളിത്തത്തിന്റെ എല്ലാ മാർഗ്ഗങ്ങളും ആരായുന്നതാണ്. ബജറ്റിൽ പറഞ്ഞിട്ടുള്ള ധനാഗമ മാർഗ്ഗങ്ങളിൽ ഒതുക്കിനിർത്താവുന്നതല്ല റോഡ് വികസനമെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. കമ്പോള വായ്പാ പദ്ധതി ഉൾപ്പെടെ വിവിധ സ്രോതസ്സുകളേയും നമുക്ക് ആശ്രയിക്കേണ്ടി വരും. റോഡ് നിർമ്മാണത്തിൽ സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കുന്നതിന് ശക്തമായ ഒരു അടിത്തറയും ആകർഷകമായ പ്രോത്സാഹനവും എന്റെ സർക്കാർ നൽകുന്നതാണ്. റോഡുമായി ബന്ധപ്പെട്ട വരുമാനങ്ങളും,

സംഭാവനകളും പ്രവാസി മലയാളികളുടെ സ്പോൺസർഷിപ്പുകളും പങ്കാളിത്തവും വഴിയും രൂപീകരിക്കപ്പെട്ട ഒരു റോഡ് ഫണ്ട് കൈകാര്യം ചെയ്യുന്നതിനു വേണ്ടി ഒരു റോഡ് ബോർഡ് രൂപീകരിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെയും കമ്പോള വായ്പകളിലൂടെയും തുടങ്ങുന്ന പദ്ധതികളുടെ പ്രഭവ സ്ഥാനമാണ് റോഡ് ഫണ്ട്. പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള തന്ത്രപ്രധാനമായ പ്രദേശങ്ങൾ കണ്ടെത്തി അവയെ വ്യാവസായികമായി ചൂഷണം ചെയ്ത്, ആവശ്യമെങ്കിൽ സ്വകാര്യ മേഖലയെ പങ്കെടുപ്പിച്ചുകൊണ്ട് നിർദ്ദിഷ്ട റോഡ് ഫണ്ട് ഉണ്ടാക്കുന്നതിനു വേണ്ടി ആ വരുമാനം തിരിച്ചുവിടുന്നതാണ്.

**63**. സംസ്ഥാനത്തുടനീളം ''ഹൈസ്പീഡ് ആക്സസ് കൺട്രോൾഡ് മോട്ടോർ വേ'' നിർമ്മിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അത് ഇപ്പോഴുള്ള റോഡുകളുടെ കിഴക്ക് പടിഞ്ഞാറ് ബന്ധം സ്ഥാപിക്കാനുതകുകയും, അവ മെച്ചപ്പെടുത്തി പുനർ നിർമ്മിക്കുന്നതുമാണ്. നിർദ്ദിഷ്ട ''ഹൈസ്പീഡ് മോട്ടോർ വേ'' സംസ്ഥാനത്തെ ഗതാഗതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നട്ടെല്ലായിരിക്കുന്നതാണ്. നിർദ്ദിഷ്ട ''ഹൈസ്പീഡ് മോട്ടോർ വേ'' യുടെ ഒരു നവ്യവീക്ഷണ രേഖ തയ്യാറാക്കി വരികയാണ്.

**64**. നടപ്പാത നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനായി എന്റെ സർക്കാർ ഗുണനിലവാര നിയന്ത്രണ സംഘങ്ങൾ ഉണ്ടാക്കി വിവിധ സ്ഥലങ്ങളിൽ നിയോഗിക്കുന്നതാണ്. റോഡ് ശൃംഖലയുടെയും പാലങ്ങളുടെയും ആസൂത്രണത്തിനും രൂപരേഖ തയ്യാറാക്കുന്നതിനും ആവശ്യമായ വൻതോതിലുള്ള കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തുകയും അതിലേക്കായി നൂതനമായ മാതൃകകൾ ആവിഷ്കരിക്കുകയും ചെയ്യുന്നതാണ്. പല പദ്ധതികൾക്കും രൂപം നൽകുകയും അതിലേക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അടുത്ത ആറു മാസത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

**65.** സമ്പദ് വ്യവസ്ഥയുടെ ഉദാരവൽക്കരണത്തിനു ശേഷം ഇൻഡ്യൻ തുറമുഖങ്ങളിലെ വ്യാപാരത്തിന് ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. തുറമുഖത്തെ പ്രവർത്തനങ്ങളുടെ ഈ വളർച്ചയിൽ പങ്കെടുക്കുവാൻ കേരളത്തെ പ്രാപ്തമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. തുറമുഖങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെറുകിട തുറമുഖങ്ങളുടെ ധൃതഗതിയിലുള്ള വളർച്ചയ്ക്കും വേണ്ടി സ്വകാര്യനിക്ഷേപം ആകർഷിക്കുന്നതിന് എന്റെ സർക്കാർ ഒരു സമഗ്രനയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നു.

**66.** ദുർബലമായ ജലസമ്പത്ത് സംയോജിതമായി കൈകാര്യം ചെയ്യുന്നതിനും എല്ലാപേർക്കും ആവശ്യമായ ശുദ്ധജലം എത്തിക്കുന്നതിനും എന്റെ സർക്കാർ മുഖ്യ മുൻഗണന നൽകുന്നതാണ്. ജലസംരക്ഷണത്തിലും വാട്ടർഷെഡ് പെനിറ്റ്റേഷൻ പദ്ധതികളിലും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ''ആവശ്യാനുസരണ സമീപനം'' എന്ന പദ്ധതി സ്വീകരിക്കാനാണ് എന്റെ സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി വിഹിതവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടും ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ തടയണകളുടെയും സബ്സർഫസ് അണകളുടെയും ഒരു ശൃംഖല നിർമ്മിക്കുന്നതിന് എന്റെ സർക്കാർ പ്രത്യേക ഊന്നൽ നൽകുന്നതാണ്.

**67.** നമ്മുടെ കടൽത്തീരങ്ങൾ ദേശീയ അതിർത്തികളുടെ ഭാഗമായിരിക്കുന്നതുകൊണ്ട് അവയുടെ സംരക്ഷണം തന്ത്രപ്രധാനമായ കാരണങ്ങളാൽ പ്രാധാന്യമേറിയതാണ്. കടൽ ഭിത്തികളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും സഹായം ലഭിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**68.** 1994—ൽ അന്നത്തെ സർക്കാർ ഒരു ഏകീകൃത ജലസേചന ബിൽ തയ്യാറാക്കിയെങ്കിലും അതിൽ തുടർനടപടികൾ ഉണ്ടായില്ല. നമ്മുടെ നദികളുടേയും ജലസമ്പത്തിന്റെയും പരിപാലനത്തിനും ജല പരിസ്ഥിതി സംരക്ഷണത്തിനും ജലസേചന പദ്ധതികളുടെ നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുൻനിറുത്തി സമഗ്രമായ ഒരു 'ഇറിഗേഷൻ ആന്റ് വാട്ടർ മാനേജ്മെന്റ് ബിൽ' കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**69.** എല്ലാ പേർക്കും ശുദ്ധമായ കുടിവെള്ളം നൽകുന്നതിലേക്കായി എന്റെ സർക്കാർ കേരള ജല അതോറിറ്റിയെ ശക്തിപ്പെടുത്തുകയും പ്രാദേശിക സമൂഹങ്ങൾക്ക് സ്വയം പര്യാപ്തമായ ജലവിതരണ പദ്ധതികൾ സ്വന്തമായി ആരംഭിക്കുന്നതിന് വേണ്ട പ്രോത്സാഹനം നല്കുകയും ചെയ്യുന്നതാണ്. നെതർലാൻഡ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി പരിസ്ഥിതി ശുചിത്വവും പൊതുജനാരോഗ്യവും ഉറപ്പാക്കിക്കൊണ്ടുള്ള സാമൂഹിക ജല വിതരണ പദ്ധതികൾ ഏർപ്പെടുത്തുന്നതാണ്. സംസ്ഥാനത്തൊട്ടാകെ ബാധകമാകുന്ന നൂതന ഗ്രാമ—നഗര ശുദ്ധജല പദ്ധതികളുടെ ഒരു പാക്കേജ് ഉണ്ടാക്കുന്നതിന് ലോക ബാങ്കിന്റെ സഹായം ലഭ്യമാക്കാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കൊച്ചി നഗരത്തിലെ വളരെ വൈകിപ്പോയ ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടു കൂടി കൊല്ലം കാസർഗോഡ് ജില്ലകളിൽ ഒരു നൂതന സാമൂഹിക ജല വിതരണ പദ്ധതി താമസംവിനാ നടപ്പാക്കുന്നതാണ്. കേരള ജല അതോറിറ്റിയുടെ റവന്യൂ പിരിവ് മെച്ചപ്പെടുത്തുന്നതിനായി സംവിധാനം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്.

**70.** തിരുവനന്തപുരത്ത് ഓട നവീകരണ ജോലികൾ എത്രയും വേഗം പൂർത്തിയാക്കുകയും ഹഡ്കോയുടെ സഹായത്തോടെ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യുന്നതാണ്.

**71.** ദാരിദ്ര്യ നിർമ്മാർജ്ജനം, പാവപ്പെട്ടവർക്ക് പാർപ്പിടം ഗ്രാമീണ-അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകൾക്കാണ് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നത്. ''പ്രധാനമന്ത്രി ഗ്രാമോദയ യോജന'' എന്ന പദ്ധതിയിൻ കീഴിൽ എന്റെ സർക്കാർ അടുത്ത 3 വർഷം കൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട ഗ്രാമീണർക്ക് വേണ്ടി 68400 വീടുകൾ പണിയുവാൻ ഉദ്ദേശിക്കുന്നു. നടപ്പു സാമ്പത്തിക വർഷം 15200 വീടുകൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. റോഡ്ബന്ധമില്ലാത്ത ആവാസ പ്രദേശങ്ങളെ ബന്ധിപ്പിക്കുവാൻ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന തരത്തിലുള്ള റോഡുകളുടെ നിർമ്മാണത്തിന് 19.71 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 73 ഗ്രാമീണ റോഡ് പദ്ധതികൾക്കായി 31.64 കോടി രൂപ നബാർഡിന്റെ ആർ. ഐ. ഡി. എഫ്. VI-ന്റെ കീഴിൽ അനുവദിച്ച് ഈ വർഷം ഏറ്റെടുക്കുന്നതാണ്. കാസർഗോഡ്, കൊല്ലം ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ ശുചിത്വ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽകൂടി വ്യാപിപ്പിക്കുന്നതാണ്. ഇപ്പോൾ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിയുള്ള സംയോജിത തരിശുഭൂമി വികസന പദ്ധതി ഈ വർഷം മലപ്പുറം, ഇടുക്കി, ജില്ലകളിൽകൂടി ഏറ്റെടുക്കുന്നതാണ്. ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ ഈ വർഷം പങ്കാളിത്ത അടിസ്ഥാനത്തിൽ ദാരിദ്ര്യ നിർണ്ണയത്തിനുള്ള ഒരു നൂതന പദ്ധതി ഏറ്റെടുക്കുന്നതാണ്.

**72.** എന്റെ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് മുന്തിയ മുൻഗണന നൽകുന്നതാണ്. പട്ടിക-ജാതി പട്ടികവർഗ്ഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി പല പദ്ധതികളും എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്. പ്രീപ്രൈമറി തലം മുതൽ കോളേജ് തലം വരെ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും വർദ്ധിച്ച നിരക്കിൽ

സഹായം നൽകുക, വിവരസാങ്കേതികവിദ്യയിൽ എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് പരിശീലനം നൽകുക എന്നിവ ഇതിൽ ഉൾപ്പെട്ട ചില നടപടികളാണ്.

**73.** സർക്കാരിന്റെ നയപരിപാടികളുടേയും പദ്ധതികളുടേയും നടത്തിപ്പിന്റെ മേൽനോട്ടത്തിന് പട്ടികജാതി-പട്ടികവർഗ്ഗകാര്യ കമ്മീഷൻ രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും യുവാക്കളുടേയും ബുദ്ധിപരവും ശാരീരികവുമായ കഴിവുകളെ വാർത്തെടുക്കാൻ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കളുടെ തൊഴിലില്ലായ്മ നേരിടുന്നതിനും അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും തൊഴിൽ സംരംഭക പദ്ധതികളും, വ്യവസായം, വ്യാപാരം വാണിജ്യം എന്നീ മേഖലകളിൽ മാനേജ്മെന്റ് സംബന്ധമായ പ്രത്യേക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനും ആവശ്യമായ കോഴ്സുകളും പരിശീലന പരിപാടികളും ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**74.** പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങൾക്ക് പ്രശസ്തമായ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറിലും വിവരസാങ്കേതിക വിദ്യയിലും വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതാണ്. അവരുടെ പരമ്പരാഗത അറിവും സമ്പ്രദായങ്ങളും തൊഴിലും സംബന്ധിച്ച ഗിരിവർഗ്ഗക്കാരുടെ ബൗദ്ധികസ്വത്തവകാശം സംരക്ഷിക്കുന്നതിനായി സമഗ്രമായ ഒരു നിയമനിർമ്മാണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

**75.** നമ്മുടെ യുവജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൻമേൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സർക്കാർ, സംസ്ഥാന യുവജന നയം ആവശ്യമായ മാറ്റങ്ങളോടുകൂടി നടപ്പിലാക്കുന്നതാണ്. സമസ്ത മേഖലകളിലും 'യൂത്ത്' എമ്പവർമെന്റ്' എന്നതിലായിരിക്കും ഈ നയത്തിൽ പ്രധാനമായും

ഊന്നൽ നൽകുക. ഐക്യരാഷ്ട്ര ഏജൻസികളുടേയും സർക്കാരേതരവും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടുകൂടി യുവജന കാര്യ വകുപ്പ് സംസ്ഥാനത്ത് മയക്കുമരുന്ന് ദുരുപയോഗത്തിനെതിരായി യുവജനങ്ങൾക്കുവേണ്ടി പരിപാടികൾ ഏറ്റെടുക്കുന്നതാണ്.

**76.** ഐ. സി. ഡി. എസ്. പദ്ധതി സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി നടപ്പുവർഷം ഇരുപത്തിമൂന്ന് പുതിയ പദ്ധതികൾ ആരംഭിക്കുന്നതാണ്. കൂടാതെ, ഇപ്പോൾ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും നടത്തി വരുന്ന തെരുവ് കുട്ടികൾക്കായുള്ള പദ്ധതി സംസ്ഥാനമൊട്ടുക്ക് വ്യാപിപ്പിക്കുന്നതാണ്.

**77.** ബന്ധപ്പെട്ട എല്ലാവരുമായി വിപുലമായ കൂടിയാലോചനയ്ക്കു ശേഷം എന്റെ സർക്കാർ സൗഹൃദ നിക്ഷേപത്തിലും അതേസമയം തൊഴിലാളികളുടെ നിയമാവകാശങ്ങളെയും പ്രത്യേകാവകാശങ്ങളെയും സംരക്ഷിക്കുന്നതിനുംവേണ്ടി ഒരു തൊഴിൽ നയം രൂപീകരിക്കുന്നതാണ്.

**78.** നമ്മുടെ സംസ്ഥാനത്തെ സമ്പുഷ്ട മാനവ വിഭവശേഷി ഉത്പാദനക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതാണ്. വിവരസാങ്കേതിക മേഖലയിൽ ഉയർന്നുവന്നിട്ടുള്ള തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള എല്ലാ സാദ്ധ്യതകളും സർക്കാർ ആരായുന്നതാണ്. ഈ മേഖലയിൽ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നേരിടുന്നതിനായി എന്റെ സർക്കാർ വ്യവസായ പരിശീലന കോഴ്സുകൾ തദനുസൃതമായി പുനഃക്രമീകരിക്കുന്നതാണ്. വിവിധ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി പുതിയ കോഴ്സുകൾ അനുവദിക്കുന്നതാണ്. വിദേശ റിക്രൂട്ടിംഗ് ഏജൻസികളുമായി ഉറ്റ ബന്ധം പുലർത്തിക്കൊണ്ട് വിദേശത്തുള്ള സാങ്കേതിക തൊഴിലവസരങ്ങൾ ഒ. ഡി. ഇ. പി. സി. കണ്ടുപിടിക്കുന്നതാണ്. റീജിയണൽ പ്രൊഫഷണൽ

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ സേവനം സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുന്നതിനായി കൊച്ചിയിലും കോഴിക്കോട്ടും അവ ആരംഭിക്കുന്നതാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. ഇ. എസ്. ഐ. യുടെ സേവനവ്യാപ്തി വർദ്ധിപ്പിക്കുകയും ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം ഉയർത്തുകയും തൊഴിലാളികൾക്ക് ഗുണനിലവാരമുള്ള ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നതാണ്.

**79**. ക്ഷേമനിധികളിൽ നിന്നും പരമാവധി ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത് ഉറപ്പാക്കുവാനായി തൊഴിൽ വകുപ്പിൻെറ ഭരണ നിയന്ത്രണത്തിലുള്ള അത്തരം നിധികൾ പുനഃക്രമീകരിക്കുന്നതാണ്.

**80**. സാമൂഹിക ചൂഷണങ്ങളുടെ ഏറ്റവും ദുഷിച്ച രൂപങ്ങളിലൊന്നായ ബാലവേല ഇന്നും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുകയാണ്. സംസ്ഥാനത്തുനിന്നും ബാലവേല ഉൻമൂലനം ചെയ്യുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും എൻെറ സർക്കാർ സ്വീകരിക്കുന്നതാണ്.

**81**. ഒരു സമൂഹത്തിൻെറ വിദ്യാഭ്യാസ പ്രബുദ്ധതയുടെ അടിത്തറയാണ് സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം. ആയതിനാൽ സർക്കാരിന് സൂക്ഷ്മബോധത്തോടും ദീർഘവീക്ഷണത്തോടും കൂടി ഈ മേഖലയെ സമീപിക്കേണ്ടതുണ്ട്. അതുകൊണ്ട് കഴിഞ്ഞ നാലുവർഷമായി നടപ്പിലായി വരുന്ന ഡി.പി.ഇ.പി.യുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ പുതിയ സ്കൂൾ പാഠ്യപദ്ധതി വിമർശനബുദ്ധ്യാ പരിശോധിക്കുന്നതിനും സശ്രദ്ധം പരിഷ്കരിക്കുന്നതിനും എൻെറ സർക്കാർ തീരുമാനിക്കുകയുണ്ടായി. പുതിയ പാഠ്യപദ്ധതി നിർണ്ണയിക്കുന്നതിനും അവ ഏപ്രകാരം സാമൂഹ്യപ്രസക്തവും സ്വീകാര്യവും ആക്കാമെന്ന് സർക്കാരിനെ ഉപദേശിക്കുന്നതിനുമായി വിദ്യാഭ്യാസ

വിദഗ്ദ്ധരും, അദ്ധ്യാപകരും സാമൂഹ്യ ശാസ്ത്രജ്ഞരും പൊതുജനങ്ങളും ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതാണ്. സ്കൂൾ പാഠപുസ്തകങ്ങൾ അതനുസരിച്ച് പരിഷ്കരിക്കുന്നതാണ്.

**82.** കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ ഓരോ സ്കൂൾ കുട്ടിക്കും ആത്മവിശ്വാസമുണ്ടാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അവരുടെ പാഠ്യപദ്ധതിയിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം സംയോജിപ്പിച്ചുകൊണ്ട് ഇക്കാര്യം നേടുന്നതാണ്. സ്കൂൾ കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിശാലാടിസ്ഥാനത്തിലുള്ളതായിരിക്കും ഐ.റ്റി. @ സ്കൂൾ പദ്ധതി.

**83.** സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അഞ്ച് വർഷത്തിനകം നടപ്പാക്കത്തക്ക വിധം ഒരു ''സ്കൂൾ വികസന പദ്ധതി'' ആസൂത്രണം ചെയ്യുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും, തദ്വാരാ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അത്യാവശ്യ സൗകര്യങ്ങളും മാന്യമായ സാഹചര്യങ്ങളും ഉറപ്പാക്കുന്നതുമാണ്.

**84.** തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഊർജ്ജസ്വലമാക്കുന്നതിനും പ്രസ്തുത പാഠ്യവിഷയങ്ങൾ കൂടുതൽ പ്രസക്തമാക്കുന്നതിനുമായി, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു ''തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കൗൺസിൽ'' രൂപീകരിക്കുന്നതാണ്.

**85.** ഉന്നത വിദ്യാഭ്യാസ മേഖലയിൽ, വിവര സാങ്കേതിക വിദ്യയുടെ വിപുലമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പുറമേ, കൂടുതൽ തൊഴിലധിഷ്ഠിത പാഠ്യവിഷയങ്ങൾ ഏർപ്പെടുത്തിയും അദ്ധ്യാപകർക്കുള്ള ഓറിയന്റേഷൻ കോഴ്സുകൾ ആരംഭിച്ചും പരീക്ഷണശാലാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പാഠ്യപദ്ധതിയും

അധ്യാപന രീതിയും നവീകരിച്ചും ഗുണകരമായ മാററം നടപ്പാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഹയർ സെക്കൻഡറി തലത്തിലും കോളേജ് തലത്തിലും സ്വാശ്രയ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും എന്റെ സർക്കാരിന്റെ നയമായിരിക്കും. ഒരു പ്രഖ്യാപിത ലക്ഷ്യമെന്ന നിലയിൽ, ഹയർ സെക്കൻഡറിയുടെ സാർവ്വത്രിക വൽക്കരണം കേരളത്തിന്റെ സാമ്പത്തിക–സാമൂഹിക വളർച്ചയെ സംബന്ധിച്ച് കൂടുതൽ പ്രസക്തമാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഈ ലക്ഷ്യത്തിനായി ഹയർ സെക്കൻഡറി തലത്തിൽ സ്വാശ്രയ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്.

**86.** സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ, പതിനെട്ട് പുതിയ എഞ്ചിനീയറിംഗ് കോളേജുകളും പതിനാല് എം. സി. എ. സ്ഥാപനങ്ങളും തുടങ്ങുവാനുള്ള 'വയബിലിററി സർട്ടിഫിക്കററുകൾ' എ. ഐ. സി. ററി. ഇ. നൽകി കഴിഞ്ഞു. പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന 18 എഞ്ചിനീയറിംഗ് കോളേജുകളിൽ 14 എണ്ണം സ്വകാര്യ മേഖലയിലാണ്. ഈ കോളേജുകൾ പ്രവർത്തനമാരംഭിച്ചു കഴിയുമ്പോൾ എഞ്ചിനീയറിംഗിന് ഏററവും കുറഞ്ഞത് 2500 സീററുകൾ കൂടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, പുതിയ 3 പോളിടെക്നിക്കുകൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജും, കേന്ദ്ര ഗവൺമെന്റിന്റെയും പുറമെ നിന്നുള്ള ഏജൻസികളുടെയും സഹായത്തോടെ വിവരസാങ്കേതിക വിദ്യയുടെ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആക്കി മാററാനും സർക്കാർ ഉദ്ദേശിക്കുന്നു. എൽ.ബി.എസ്. സെന്ററിന്റെ നിയന്ത്രണത്തിൻ കീഴിൽ പെരിന്തൽമണ്ണയിൽ ഒരു പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതാണ്.

**87.** മററു സംസ്ഥാനങ്ങളിലേയും രാജ്യങ്ങളിലേയും വിദ്യാർത്ഥികളെ ആകർഷിക്കുന്ന ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രമാക്കി കേരളത്തെ മാററുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ ലക്ഷ്യത്തിന് വേണ്ടി സ്വകാര്യ മേഖലയുടെ സജീവ സഹകരണവും പങ്കാളിത്തവും ഗവൺമെന്റ് തേടുന്നതാണ്.

**88.** തദ്ദേശ സ്ഥാപനങ്ങളിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധവും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ നേട്ടങ്ങളെ സംയോജിപ്പിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. എങ്കിലും, അങ്ങിനെ ചെയ്യുമ്പോൾ വികേന്ദ്രീകൃത പദ്ധതി നിർവ്വഹണത്തിൽ അമിത രാഷ്ട്രീയവൽക്കരണം കൊണ്ട് കടന്നുകൂടിയ വ്യതിചലനങ്ങളെ എന്റെ സർക്കാർ തിരുത്തുകയും ചെയ്യും. തദ്ദേശസ്ഥാപനങ്ങൾക്ക് അവരുടേതായ വികസന പരിപാടികൾ ആസൂത്രണം ചെയ്യുവാനും നടപ്പാക്കുവാനും പൂർണ്ണ സ്വാതന്ത്ര്യം നൽകും. ആയതിനാൽ, എല്ലാ വിദഗ്ദ്ധ സമിതികളും നിറുത്തലാക്കും. സംസ്ഥാനത്ത് സുതാര്യവും, പങ്കാളിത്തമുള്ളതും ഉത്തരവാദിത്വമുള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനായിരിക്കും ഊന്നൽ നൽകുന്നത്.

**89.** കേരളം ഇതുവരേയും ഒരു സമഗ്ര നഗര നയം സ്വീകരിച്ചിട്ടില്ല. എന്റെ സർക്കാർ സമഗ്രമായ ഒരു നഗര നയത്തിന് ഉടനെ രൂപം നൽകും.

**90.** ഖര—ജല മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിക്കും. സുപ്രീം കോടതി ഉത്തരവായതനുസരിച്ച്, ഇത് എന്റെ സർക്കാർ 2002 ഡിസംബർ 31–നു മുമ്പായി നടപ്പാക്കും. പുറമേ

നിന്നുള്ള വിഭവ സമാഹരണത്തെയും സ്വകാര്യവത്കരണത്തെയും പൊതു–സ്വകാര്യ പങ്കാളിത്തത്തെയും സംബന്ധിച്ച് എന്റെ ഗവൺമെന്റ് ധീരമായ ഒരു സമീപനം കൈക്കൊള്ളുന്നതാണ്.

**91.** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ ഒരു സെന്റർ ഓഫ് എക്സലൻസും അധികാര വികേന്ദ്രീകരണ ഭരണ മേഖലയിലെ പ്രമുഖ സ്ഥാപനവുമാക്കും. തദ്ദേശീയരായ യുവജനങ്ങൾക്ക് ആദായകരമായ തൊഴിൽ നൽകുന്നതിന് കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കും.

**92.** ചെറു വ്യവസായ സംരംഭങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ശക്തമായ ഉപകരണമാണെന്ന് കുടുംബശ്രീ വിജയകരമായി തെളിയിച്ചിട്ടുണ്ട്. ഈ പദ്ധതിക്കു കീഴിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നിരവധി നൂതന രീതികൾ നടപ്പിലാക്കിയിട്ടുണ്ട്. ''കുടുംബശ്രീ'' പരീക്ഷണം അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്. 2001–2002–ൽ മറ്റു ജില്ലകളിലെ 50 പുതിയ പഞ്ചായത്തുകളെ കൂടാതെ പിന്നോക്ക ജില്ലകളായ കാസർഗോഡും വയനാടും ''കുടുംബശ്രീ'' യിൻ കീഴിൽ ഉൾപ്പെടുത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**93.** കാര്യക്ഷമവും, സാർവ്വത്രികവുമായ ഒരു പൊതുവിതരണ സമ്പ്രദായം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും റേഷൻ സാധനങ്ങളുടെ വില കുത്തനെ ഉയർത്താനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം സംസ്ഥാന സർക്കാരിന് അധിക ഭാരമേൽപ്പിച്ചിട്ടുണ്ട്. സർക്കാർ നൽകാൻ ബാദ്ധ്യസ്ഥമായ ഒരു അവശ്യസേവനമാണ് പൊതുവിതരണ സമ്പ്രദായമെന്ന് എന്റെ സർക്കാർ മനസ്സിലാക്കുന്നു. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട

സബ്സിഡികൾ സ്വന്തം ചെലവിൽ തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. മാതൃകാടിസ്ഥാനത്തിൽ അഞ്ച് റേഷൻ കടകളിൽ ഒരു ''സ്മാർട്ട് കാർഡ് സിസ്റ്റം'' നടപ്പാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ വർഷം 20 മാവേലി മെഡിക്കൽ സ്റ്റോറുകൾ കൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നു. ബി. പി. സി. എൽ.-മായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 17 പുതിയ എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ തുറക്കാനുമുള്ള നടപടികൾ കോർപ്പറേഷൻ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

**94**. സിവിൽ സപ്ലൈസ് വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും പ്രവർത്തനത്തിലൂടെ പൊതു വിപണിയിലെ പൊതുവായ വിലനിലവാരം നിയന്ത്രണാധീനമാണെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തും. വിപണിയിൽ ഇടപെടുന്ന പ്രവർത്തനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന് പിൻതുണ നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വരും വർഷങ്ങളിൽ കോർപ്പറേഷന് നൽകുന്ന പിന്തുണ വർദ്ധിപ്പിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**95**. കാർഷിക, വ്യാവസായിക, വായ്പ മേഖലകളിൽ നന്നായി വ്യാപിച്ചുകിടക്കുന്ന കരുത്തുറ്റ ഒരു സഹകരണ പ്രസ്ഥാനം കേരളത്തിനുണ്ട്. ചെറുകിടക്കാർക്കും പാവങ്ങൾക്കും കാര്യക്ഷമമായി സേവനം നല്കുന്നതിന് ഈ പ്രസ്ഥാനത്തെ കഴിവുള്ളതും ശക്തവുമാക്കുന്നതിന് എന്റെ സർക്കാർ കഠിന പ്രയത്നം ചെയ്യുന്നതാണ്. പരിയാരം മെഡിക്കൽ കോളേജ് പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ട നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. കൊച്ചി മെഡിക്കൽ കോളേജിനെ അതിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ തുടരാൻ പ്രാപ്തമാക്കുന്നതിനുള്ള വിവിധ സാദ്ധ്യതകൾ എന്റെ സർക്കാർ പരിശോധിച്ചുവരികയാണ്.

കോ-ഓപ്പറേറ്റീവ് ഏജൻസി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്) ന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളെയും കൂടുതൽ ശക്തിപ്പെടുത്തും. അവശേഷിക്കുന്ന ഒരേയൊരു ജില്ലയായ തിരുവനന്തപുരത്തു കൂടി പദ്ധതി വ്യാപിപ്പിച്ചുകൊണ്ട് കേരളത്തെ ഒരു ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് പ്രോജക്ട് സ്റ്റേറ്റ് ആക്കി മാറ്റുന്നതാണ്.

**96.** പരിസ്ഥിതിയുടേയും ചുറ്റുപാടുകളുടേയും പരിപാലനത്തിനുവേണ്ടി സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളിലെ സമ്പന്നമായ ജൈവ വൈവിദ്ധ്യത്തെ പരിരക്ഷിക്കാൻ എന്റെ സർക്കാർ കഠിനപ്രയത്നം ചെയ്യും. അവഗണിക്കപ്പെട്ടുകിടക്കുന്ന എല്ലാ പ്രദേശങ്ങളെയും ഫലപ്രദമായ വനവൽക്കരണ പരിപാടിയിൻകീഴിൽ കൊണ്ടുവരാനുള്ള നടപടികൾ എടുക്കുന്നതാണ്. കൂടാതെ പറമ്പിക്കുളം വന്യമൃഗ സങ്കേതം, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, ചിന്നാർ വന്യമൃഗ സങ്കേതം, ഇരവികുളം നാഷണൽ പാർക്ക് എന്നിവയുൾപ്പെടെയുള്ള ഒരു പുതിയ ''ടൈഗർ റിസർവ്'' സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടുന്നതാണ്. വനങ്ങളിൽ പ്രത്യേകിച്ചും വന്യമൃഗ സങ്കേതങ്ങളിൽ പ്രസക്തമായ പ്രദേശങ്ങളെ വനം വകുപ്പിന്റെ പ്രത്യേക യൂണിറ്റിനുകീഴിൽ കൊണ്ടുവന്ന്, ഇക്കോ ടൂറിസം വികസിപ്പിക്കുന്നതിന് വേണ്ട നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

**97.** എന്റെ സർക്കാർ സംസ്ഥാനത്ത് പൊതുജന സഹകരണത്തോടെ ചാരായനിരോധനം കർശനമായി നടപ്പാക്കും. വ്യാജമദ്യവുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**98.** ജനങ്ങളുടെ സുരക്ഷിതത്വവും സുഖസൗകര്യങ്ങളും ഉറപ്പാക്കി ഗതാഗത മേഖലയിലെ സാധ്യമായ എല്ലാ രംഗങ്ങളിലും വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനങ്ങൾ നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പ്രത്യേകിച്ച്, മോട്ടോർ വാഹന വകുപ്പിലും, ജല ഗതാഗത വകുപ്പിലും, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും സമയബന്ധിതമായി വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതാണ്. വിവര സാങ്കേതിക വിദ്യയുടെ അപ്രകാരമുള്ള സന്നിവേശം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലും സുതാര്യമാക്കുന്നതിലും റവന്യൂ വരുമാനം മെച്ചപ്പെടുത്തുന്നതിനും കാര്യമായ പങ്ക് വഹിക്കുന്നതാണ്. കെ. എസ്. ആർ. ടി.സി. യിൽ വാഹനങ്ങളെ നവീകരിക്കുന്നതിനും കാര്യക്ഷമതയും വേഗതയും ഉറപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റോഡ് യാത്രയുടെ സുരക്ഷിതത്വവും സുഖസൗകര്യവും വർദ്ധിപ്പിക്കുന്നതിനും നടപടികൾ എടുക്കുന്നതാണ്. എല്ലാ ബസ് സ്റ്റേഷനുകളിലും യാത്രക്കാർക്ക് ആധുനിക സുഖസൗകര്യങ്ങൾ ലഭ്യമാക്കാൻ പ്രത്യേക ശ്രദ്ധ നൽകും. ജലഗതാഗതത്തിന്റെ കാര്യത്തിൽ, യാത്രക്കാരായ പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനും, സംസ്ഥാനത്തെ കായലുകളിലെ ടൂറിസത്തിന്റെ പുരോഗതിക്കുംവേണ്ടി ഊർജ്ജക്ഷമതയുള്ളതും കാര്യക്ഷമവുമായ ആധുനിക ബോട്ടുകൾ ഏർപ്പെടുത്തുന്നതിന് നടപടികളെടുക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**99.** റവന്യൂ വകുപ്പിൽ പുതിയതായി നിയമനം ലഭിച്ച എല്ലാവർക്കും മററ് ഉദ്യോഗസ്ഥൻമാർക്കും ലാൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ഇൻഡക്ഷൻ കോഴ്സുകളും കമ്പ്യൂട്ടർ പരിശീലനവും നൽകാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ലാൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താൻ നടപടികളെടുക്കുന്നതാണ്.

**100.** സംസ്ഥാനത്തെ വിവിധ ജില്ലകളിൽ അടുത്ത കാലത്തുണ്ടായ ഭൂചലനങ്ങൾ ജനങ്ങളിൽ ഭീതിയുളവാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയും, ഡിസ്ട്രിക്റ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതാണ്. പ്രകൃതിക്ഷോഭത്തിനിരയായവരുടെ സാമൂഹ്യ—സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയുള്ളതായിരിക്കും പുനരധിവാസ പദ്ധതി.

**101.** 1—1—1997—നു മുമ്പ് വനഭൂമി കൈവശമുണ്ടായിരുന്ന എല്ലാ അർഹരായ കർഷകർക്കും പട്ടയം നൽകുന്നതിന് ഒരു തീവ്രയത്ന പരിപാടി എന്റെ സർക്കാർ നടപ്പിലാക്കും. ഈ ലക്ഷ്യം മുന്നിൽകണ്ട്, ബന്ധപ്പെട്ട ലാന്റ് അസൈൻമെന്റ് ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ വർഷം എന്റെ സർക്കാർ മറ്റ് വിവിധ വിഭാഗങ്ങൾക്ക് ഒരു ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുന്നതാണ്.

**102.** ഭൂസർവ്വേ ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം സ്ഥാപിക്കുകയും, ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളും ഉപഗ്രഹ വാർത്താവിനിമയ സംവിധാനവും, ഉപയോഗിക്കുകയും ചെയ്യുന്നതാണ്. ലീഗൽ മെട്രോളജി വകുപ്പ് നവീകരിക്കുന്നതിന് എന്റെ സർക്കാർ നടപടിയെടുക്കുന്നതാണ്.

**103.** സംസ്ഥാനത്തെ എല്ലാ കുടികിടപ്പുകാർക്കും വേണ്ടി ഒരു പുതിയ ഇൻഷ്വറൻസും ഭവന നിർമ്മാണവും പദ്ധതി കൊണ്ടുവരാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പഴയ ഭൂവുടമകൾക്കും കൂടി ഈ ഇൻഷ്വറൻസ് സുരക്ഷ ബാധകമാക്കുന്നതാണ്. സംസ്ഥാനത്ത് സാമൂഹ്യ ഭവന നിർമ്മാണത്തിന് എന്റെ സർക്കാർ മുൻഗണന നൽകുകയും ''എല്ലാവർക്കും വീട്'' എന്നത് സംസ്ഥാന വ്യാപക പദ്ധതിയായി പ്രഖ്യാപിക്കുകയും ചെയ്യും. പദ്ധതി നടപ്പിലാക്കുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന

വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകും. തിരുവനന്തപുരം ജില്ലയിൽ ആക്കുളത്തും, എറണാകുളം നഗരത്തിനടുത്ത് തൃപ്പൂണിത്തുറയിലും സാററ്‌ലൈററ് ടൗൺഷിപ്പുകൾ സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി ദേശീയ—അന്തർദേശീയ ധനകാര്യ ഏജൻസികളിൽനിന്ന് ആവശ്യമായ സഹായങ്ങൾ തേടും. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 100 പഞ്ചായത്തുകളിൽ തൊഴിൽ രഹിത യുവജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കായി, സ്വയംതൊഴിൽ യൂണിററുകൾ സ്ഥാപിക്കുകയും നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിൽ പരിശീലനം നൽകുകയും ചെയ്യുന്നതാണ്. മുനിസിപ്പൽ പ്രദേശങ്ങളിൽ രജിസ്ററർ ചെയ്തിട്ടുള്ളവർക്ക് ധനകാര്യ സ്ഥാപനങ്ങളിലെ ലോൺ ടൈ—അപ്പ്‌ലൂടെ ഹൗസ് പ്ലോട്ടുകൾ നല്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**104.** എല്ലാ ഭവനരഹിത കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്റെ സർക്കാർ ലഭ്യമാക്കും. ആവശ്യമെന്നുള്ള പ്രദേശങ്ങളിൽ പൊതു ഭവന നിർമ്മാണവും ഏർപ്പെടുത്തും. ഫലപ്രദവും, പരിസ്ഥിതിക്കിണങ്ങുന്നതുമായ നിർമ്മാണ സാങ്കേതിക വിദ്യയും എന്റെ സർക്കാർ പ്രചരിപ്പിക്കും.

**105.** ഒരു വൃദ്ധജന നയം രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകൾ അവയുടെ പദ്ധതികളിൽ ഈ നയത്തിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്താൻ മതിയായ ശ്രദ്ധ നൽകും. നിലവിലുള്ള വൃദ്ധസദനങ്ങൾ ശക്തമാക്കുന്നതും അവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതുമാണ്.

**106.** കേരളത്തിന് ഒരു സമ്പന്നമായ സാംസ്കാരിക പൈതൃകമുണ്ട്. നമ്മുടെ മഹത്തായ പാരമ്പര്യങ്ങൾക്കനുസൃതമായ വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ എന്റെ സർക്കാരിന് ഉദ്ദേശമുണ്ട്. കേരളത്തിൽ

തന്നെ ആദ്യത്തേതായ ഒരു ഐ-മാക്സ് തീയേറ്റർ സ്ഥാപിക്കുക, കുഞ്ഞാലി മരയ്ക്കാർ സ്മാരകം പൊതുജനത്തിന് തുറന്നുകൊടുക്കുക, ഹിൽപാലസ് കോംപ്ലക്സും അതിന്റെ പരിസരവും സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുക എന്നിവയാണ് ഇവയിൽ ചില പരിപാടികൾ. കേരള കലാമണ്ഡലത്തിന്റെ ഡിപ്ലോമ കോഴ്സ്, അതിന്റെ അതുല്യതയും സംസ്ഥാനത്തിന്റെ സാംസ്കാരിക പാരമ്പര്യവും നിലനിർത്തണമെന്ന ലക്ഷ്യത്തോടുകൂടി ഡിഗ്രിതലത്തിലേക്ക് ഉയർത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**107.** എന്റെ സർക്കാരിന് ഇനിയും ഒൻപതു മാസങ്ങളാണ് ഈ സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്നത്. ഈ ചുരുങ്ങിയ കാലയളവിൽ വളരെയധികം ജോലികൾ ചെയ്തുതീർക്കേണ്ടതുണ്ട്. പ്രതികൂലമായ സാഹചര്യങ്ങൾ നിലവിലുണ്ടെങ്കിലും രാഷ്ട്രീയ പ്രതിബദ്ധതയോടും ബഹുജന പിൻതുണയോടും കൂടി, കേരളത്തെ ഒരു വികസന പാതയിലേക്ക് നയിക്കാമെന്ന് എന്റെ സർക്കാരിന് ഉറച്ച വിശ്വാസമുണ്ട്. ഒത്തൊരുമയോടെ ശുഭാപ്തിവിശ്വാസം പങ്കിട്ടുകൊണ്ട് നമുക്ക് മുന്നേറാം.

ജയ് ഹിന്ദ്

ഗവൺമെന്റ് സെൻട്രൽ പ്രസ്, തിരുവനന്തപുരം, 2001.